## അടിയന്തര പ്രമേയം

## കടലാക്രമണം

മി. സ്പീക്കർ: അടിയന്തര പ്രമേയ വിഷയത്തിൽ ശ്രീ. റ്റി.വി. രാജേഷ് നേരത്തേ ഒരു സബ്മിഷൻ തന്നിരുന്നു. അത് ലിസ്റ്റ് ചെയ്തിട്ടുണ്ട്. കടലാക്രമണവുമായി ബന്ധപ്പെട്ട കാര്യമാണ്. അദ്ദേഹം അദ്ദേഹത്തിന്റെ പ്രദേശത്തെക്കുറിച്ചാണ് പറഞ്ഞത്. ഒരുപാട് എം.എൽ.എ.മാർ അവരുടെ പ്രദേശങ്ങളിലെ കടലാക്രമണവുമായി ബന്ധപ്പെട്ട് സബ്മിഷൻ നൽകിയിട്ടുണ്ട്. ഏതായാലും ഈ വിഷയം അടിയന്തര പ്രമേയത്തിന് എടുത്തതായതുകൊണ്ട് അതൊന്നും സബ്മിഷനായിട്ടെടുക്കാൻ സാധ്യമല്ല. പേര് ഇവിടെ മെൻഷൻ ചെയ്തെന്നു മാത്രമേയുള്ളൂ.

കേരളത്തിന്റെ കടൽത്തീരപ്രദേശങ്ങളിൽ കടലാക്രമണം അതിരൂക്ഷമായി തുടരുന്നതുമൂലം ആയിരക്കണക്കിന് വീടുകൾ നിലം പൊത്തുകയും കടൽഭിത്തികൾ തകരുകയും തീരദേശവാസികൾ പട്ടിണിയും പരിവട്ടവുമായി കഴിയുകയും ചെയ്യുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. എസ്. സുനിൽ കുമാർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), സി.കെ. നാണു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കേരളത്തിന്റെ ഒമ്പത് തീരദേശ ജില്ലകളിൽ കടലാക്രമണം രൂക്ഷമായിരിക്കുകയാണ്. തിരുവനന്തപുരത്ത് ബീമാപള്ളി, ശംഖുമുഖം, അഞ്ചുതെങ്ങ്, ചെറിയതുറ, പൂന്തുറ,

പനത്തുറ, വലിയതുറ കൊല്ലം ജില്ലയിലെ പ്രദേശങ്ങൾ, ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, മാരാരിക്കുളം, അമ്പലപ്പുഴ, ചേർത്തല, എറണാകുളം ജില്ലയിലെ ചെല്ലാനം, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, എറിയാട്, ഇടവിലങ്ങ്, മതിലകം, നാട്ടിക, ചാവക്കാട്, വാടാനപ്പിള്ളി കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, വടകര മലപ്പുറം ജില്ലയിലെ താനൂർ, പൊന്നാനി, തലശ്ശേരി, കാസർഗോഡ് എന്നീ പ്രദേശങ്ങളിൽ വ്യാപകമായി കടലാക്രണമുണ്ടായിക്കൊണ്ടിരിക്കുകയാണ്. കുറേക്കാലത്തെ പഠനത്തിനുശേഷം നിർദ്ദേശിച്ചിരിക്കുന്ന സ്ഥായിയായ ഒരു പരിഹാരം പുലിമുട്ടുകളാണ്. പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള ചെലവ് വളരെ വലിയ തുകയാണ്. ഒരു കിലോമീറ്റർ ദൂരം ഏതാണ്ട് 150 മീറ്ററിന്റെ അകലത്തിൽ പുലിമുട്ടുകളുണ്ട്. ഒരു കിലോമീറ്റർ ദൂരം പുലിമുട്ട് ഇടാൻ ഏകദേശം ആറ് കോടി രൂപയോളം ചെലവ് വരും. ഈ നിലയിൽ കേരളത്തിന്റെ ഈ പ്രദേശങ്ങളിൽ എല്ലാം കൂടി പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇതെല്ലാം മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറയുകയുണ്ടായി, കേന്ദ്രത്തിൽ അടിയന്തിരമായി സമർപ്പിക്കും, സംസ്ഥാനത്തിന്റെ ഫണ്ടുകൊണ്ടുമാത്രം ഇത് ചെയ്തുതീർക്കാൻ കഴിയില്ല. നമുക്ക് അടിയന്തിര സഹായമെത്തിക്കാൻ എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുവേണ്ടി കഴിഞ്ഞ വെള്ളിയാഴ്ച നിയമസഭ പിരിഞ്ഞ ഉടൻതന്നെ മന്ത്രിസഭായോഗം ചേരുകയുണ്ടായി. അടിയന്തിരമായ സഹായം, പെർമനന്റ് വർക്കുകൾ ഈ സമയത്ത് ചെയ്യാൻ കഴിയില്ല. വലിയ കല്ലുകൾ കിട്ടുന്നിടത്ത് കൊണ്ടുചെന്ന് ഇടാം. അല്ലാത്ത സ്ഥലത്ത് ചാക്കുകളിൽ ചെറിയ കല്ലുകൾ നിറച്ച് ഗാബിയോൺ ബാഗ്സായി കൊണ്ടു ചെന്ന്

ഇടുക. ജിയോ ബാഗ്സ് പോലുള്ള താൽക്കാലിക നടപടികൾ ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്. എല്ലാ ജില്ലാകളക്ടർമാർക്കും അവിടെയുള്ള ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് ലഭിച്ചുകഴിഞ്ഞു. അടിയന്തര നടപടികൾ സ്വീകരിക്കാനായി നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇപ്പോൾ തൃശ്ശൂർ ജില്ലാ കളക്ടറെ വിളിച്ചപ്പോൾ എറിയാട്, എടവിലങ്ങ് ഭാഗങ്ങളിലുള്ള പണികൾ പത്തുമണിയാകുമ്പോൾതന്നെ ആരംഭിക്കുന്നതാണെന്നു പറഞ്ഞിട്ടുണ്ട്. എല്ലാ മേഖലകളിലും അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുപോലെ തന്നെ വീട് നഷ്ടപ്പെട്ടവർക്ക് വീട് കൊടുക്കാനും.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തൃശ്ശൂർ ജില്ലയിൽ മാത്രമേയുള്ളോ; വടകര, കൊയിലാണ്ടി, തലശ്ശേരി എന്നിവിടങ്ങളിലൊന്നും ഇല്ലേ?

ശ്രീ. പി. ജെ. ജോസഫ്: സർ, തൃശ്ശൂർ ജില്ലയിൽ മാത്രമല്ല എല്ലാ പ്രദേശങ്ങളിലുമുണ്ട്. ......(ബഹളം)..........ആ പ്രദേശങ്ങളിൽ നിന്നെല്ലാം ജില്ലാകളക്ടർമാരുടേയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഗവൺമെന്റിന് കിട്ടിക്കഴിഞ്ഞിട്ടുണ്ട്. അതിനെ സംബന്ധിച്ചുള്ള ആദ്യപടിയായി ചില നടപടികൾ സ്വീകരിച്ചു. 18 കോടി രൂപ കൊടുക്കാനുള്ള ഒരു തീരുമാനം കഴിഞ്ഞ വെള്ളിയാഴ്ച എടുത്തിട്ടുണ്ട്. ഇപ്പോഴുള്ള താൽക്കാലിക നടപടികളും പെർമനന്റ് നടപടികളും നമുക്കാവശ്യമാണ്. പെർമനന്റ് നടപടികൾക്കുവേണ്ടിയുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്. താൽക്കാലിക നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേരളത്തിന്റെ തീരപ്രദേശത്ത് അതിരൂക്ഷമായിട്ടുള്ള കടലാക്രമണമുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ അടിയന്തര പ്രമേയം ഏതെങ്കിലും ഒരു ജില്ലയ്ക്കുവേണ്ടിയുള്ളതല്ല. അഞ്ഞൂറുകിലോമീറ്ററോളമുള്ള കേരളത്തിന്റെ തീരപ്രദേശത്തെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നടന്നുകൊണ്ടിരിക്കുന്ന അതിരൂക്ഷമായ കടലാക്രമണത്തിന്റെ കെടുതികളെക്കുറിച്ചുള്ള ഒരു അടിയന്തര പ്രമേയമാണിത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞത് അടിയന്തര സഹായത്തിന് അഭ്യർത്ഥിക്കാൻ പോകുന്നു എന്നാണ്. 18 കോടിരൂപ അടിയന്തരമായി അനുവദിച്ചുവെന്നാണ് അദ്ദേഹം പറയുന്നത്. ഇപ്പോൾ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന കെടുതിയനുസരിച്ചാണെങ്കിൽ 18 കോടിരൂപ കടലിൽ കായം കലക്കിയതുപോലെ ആയിരിക്കും. അത്രമാത്രം ചെറിയൊരു തുകയാണ്. കടലാക്രമണം കേരളത്തിന്റെ തീരപ്രദേശത്ത് കാലവർഷം വന്നപ്പോൾ ആരംഭിച്ചതല്ല. വിഷുദിനത്തിന്റെ അന്നുമുതൽ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കടലാക്രമണമാരംഭിച്ചു. കടുത്ത വേനൽ സമയത്തുപോലും കേരളത്തിന്റെ തീരപ്രദേശത്ത് രൂക്ഷമായ കടലാക്രമണമുണ്ടായി. ഈ ഗവൺമെന്റിന് അറിയാം തീരപ്രദേശത്ത് കഴിഞ്ഞ കുറേക്കാലങ്ങളായി കാലാവസ്ഥയിൽ വന്ന വ്യതിയാനത്തെത്തുടർന്ന് കടലിന്റെ നിരപ്പ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിനെത്തുടർന്ന് കേരളത്തിൽ മാത്രമല്ല, തീരപ്രദേശങ്ങളിലുള്ള ആളുകൾ ഭീതിജനകമായ നിലയിൽ ജീവിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെ സംബന്ധിച്ചുള്ള എല്ലാ ശാസ്ത്രീയമായ റിപ്പോർട്ടുകളും സർക്കാരിന്റെ കൈവശമുണ്ട്. പക്ഷേ ഇതു

വരെയായിട്ടും ഇതുമായി ബന്ധപ്പെട്ട് ശാശ്വതമായ പരിഹാരം കാണുന്നതിനുവേണ്ടിയുള്ള ഒരു നടപടിയും സ്വീകരിച്ചില്ല. കേരളത്തിൽ ഏറ്റവും ദുരിതമനുഭവിച്ചുകൊണ്ടിരിക്കുന്ന ജനവിഭാഗമെന്നു പറയുന്നത് ആദിവാസികളും മൽസ്യത്തൊഴിലാളികളുമാണ്. മൽസ്യത്തൊഴിലാളികളാണെങ്കിൽ എല്ലാക്കാലത്തും ജീവൻ പണയപ്പെടുത്തിക്കൊണ്ട് തൊഴിലെടുക്കുന്ന ഒരു വിഭാഗമാണ്. അവർ കടലിനോട് ചേർന്ന മേഖലയിലാണ് താമസിക്കുന്നത്. അവരെ മലമ്പ്രദേശത്ത് താമസിപ്പിക്കാൻ കഴിയില്ല. അവരുടെ ഉപജീവനമാർഗ്ഗം കടലുമായി ബന്ധപ്പെട്ടുകിടക്കുന്ന സ്ഥലങ്ങളിലാണ്. കേരള സംസ്ഥാനത്ത് മാത്രം 4800 കോടി രൂപയുടെ വിദേശ നാണ്യം നേടിത്തരുന്ന ഒരു ജനവിഭാഗമാണ് മൽസ്യത്തൊഴിലാളികൾ. അവർ തിങ്ങിത്താമസിക്കുന്ന സ്ഥലത്ത് അവരുടെ ജീവിതത്തിനുവേണ്ടി അവരുടെ കിടപ്പാടം സുരക്ഷിതമാക്കുന്നതിനുവേണ്ടിയുള്ള മിനിമം സൗകര്യം പോലും കൊടുക്കാൻ സാധിച്ചിട്ടില്ല. നമ്മുടെ തീരപ്രദേശത്ത് കടൽഭിത്തി പൂർണ്ണമായും സ്ഥാപിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. 36-48 വർഷൾക്കുമുമ്പ് സ്ഥാപിച്ച കടൽഭിത്തികളെല്ലാം തകർന്നുകൊണ്ടിരിക്കുകയാണ്. കടൽഭിത്തികളുടെ മുകളിലൂടെ ഭീമൻ തിരമാലകൾ വന്നടിച്ച് ഭിത്തി കുഴിച്ച് മണ്ണെടുത്തുപോകുകയാണ്. ഇന്ന് ആലപ്പുഴയിൽ നിന്നൊരു വാർത്തയുണ്ട്. ആലപ്പുഴയിലെ തീരപ്രദേശത്ത് സ്വർണ്ണാഭരണങ്ങൾ കിട്ടുകയാണ്. കാരണമെന്താണെന്നുവച്ചാൽ വർഷങ്ങളായി അവിടെ കുളിക്കാൻ വന്നിട്ടുള്ള ആളുകളുടെ കയ്യിൽ നിന്ന് ഊരി കടലിന്റെ അടിത്തട്ടിൽ പോയ സാധനങ്ങൾ അറുപ്പൻ തിരമാല കടൽ ഇളക്കി കരയിലേക്ക് കൊണ്ടുവരികയാണ്. ഇതൊരു വലിയ പ്രതിഭാസമായിട്ടാണ് ആളുകൾ പറയുന്നത്.

അത്രമാത്രം ഭീകരമായ നിലയിൽ നമ്മുടെ തീരപ്രദേശങ്ങളിൽ കടലാക്ര മണമുണ്ടായിക്കൊണ്ടിരിക്കുകയാണ്. സ്വന്തം കിടപ്പാടം കടൽ കവർന്നെടു ത്തുകൊണ്ടുപോകുന്നത് നെഞ്ചുതകർന്ന് നോക്കി നിൽക്കുകയാണ് കടലോര വാസികൾ. ഗവൺമെന്റിന് മിണ്ടാട്ടമില്ല. തൃശ്ശൂർ ജില്ലയിൽ കളക്ടർ പോയെന്ന് ഗവൺമെന്റ് പറഞ്ഞു. കളക്ടർ ഇന്നലെയാണ് വന്നത്. തൃശ്ശൂർ എം.പി. ശ്രീ. ഇന്നസെന്റും ഞാനുമടക്കമുള്ള ആളുകൾ പോയപ്പോൾ കള ക്ടർ അവിടേയ്ക്ക് തിരിഞ്ഞുനോക്കിയോ? ഇവിടെ കളക്ടർ വരുകയോ, എം.എൽ.എ.മാർ വരുകയോ, മന്ത്രിമാർ വരുകയോ അല്ല പ്രശ്നം. ശാശ്വത മായ ഒരു പരിഹാരമുണ്ടാകണം. കടപ്പുറത്തേയ്ക്ക് അവിടത്തെ ജനപ്രതിനി ധികൾക്ക് പോകാൻപോലും പറ്റില്ല. അവർക്ക് എല്ലാക്കാലത്തും വാഗ്ദാന ങ്ങൾമാത്രം കൊടുക്കുന്നതാണ് അതിന് കാരണം. ഒരുകാലത്തും ശാശ്വത മായ പരിഹാരമുണ്ടാകുന്നില്ല. ഇത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. നമ്മുടെ സംസ്ഥാനത്ത് സുനാമി ദുരന്തമുണ്ടായി. ഇൻഡ്യയിൽ പലസ്ഥ ലത്തുമുണ്ടായി. ആ ദുരന്തത്തിനു ശേഷവും നമ്മൾ പാഠം പഠിച്ചില്ല. സുനാമി ദുരന്തത്തിന്റെ പേരിൽ ആയിരക്കണക്കിന് കോടി രൂപ നമ്മൾ ചെല വഴിച്ചു. പക്ഷെ എപ്പോഴും കടലോരവാസികളും മത്സ്യത്തൊഴിലാളികളും ദരിദ്രരായി ജീവിച്ചുകൊള്ളണം, അവരുടെ ജീവിതത്തിന് യതൊരു സുരക്ഷി തത്വവും ഇല്ലെന്ന നിലയിലേയ്ക്ക് പോകുന്നത് വാസ്തവത്തിൽ മനുഷ്യാവ കാശ ലംഘനമാണ്. നമ്മുടെ സംസ്ഥാനത്ത് ലക്ഷക്കണക്കിന് മത്സ്യത്തൊഴി ലാളി കുടുംബങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ഭീതി, ഈ കാലവർഷം കൂടു തൽ ശക്തിപ്പെടുന്നതോടുകൂടി നമ്മുടെ സംസ്ഥാനത്ത് ഇതിനേക്കാൾ ഭീകര മായ സ്ഥിതിവിശേഷമുണ്ടാകാൻ പോകുകയാണ്. ഇപ്പോൾത്തന്നെ ഏക ദേശം മൂവായിരത്തിലധികം വീടുകൾ തകർന്നുകഴിഞ്ഞു. വീടുകൾ

തകർന്നുകൊണ്ടിരിക്കുകയാണ്. സാധാരണ കടലിനോട് ചേർന്നുകിടക്കുന്ന സ്ഥലത്താണ് വീടുകൾ തകരുക. ഇപ്പോൾ കടലിനോട് ചേർന്നുകിടക്കുന്ന സ്ഥലത്ത് മാത്രമല്ല, കടലിൽ നിന്നും അകലം പാലിച്ച് നിർമ്മിച്ചിരിക്കുന്ന വീടുകളിലേയ്ക്ക് പോലും കടൽ കയറിക്കൊണ്ടിരിക്കുകയാണ്. പൊന്നാനി പ്രദേശത്ത് കഴിഞ്ഞ നാല് കൊല്ലംകൊണ്ട് ഒരു കിലോമീറ്റർ കടൽ അകത്തേയ്ക്ക് കയറി. ശ്രീ. കുഞ്ഞിരാമന്റെ മണ്ഡലത്തിലെ ഒരു ദ്വീപ്, പഞ്ചായത്തിലെ ഫുട്ബോൾ ഗ്രൗണ്ട് കടൽ കവർന്നെടുത്തുകൊണ്ടുപോയി. കടൽ ഒരു കിലോമീറ്ററോളം ഉള്ളിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. കാഞ്ഞങ്ങാട്, തലശ്ശേരി, വടകര, ചാവക്കാട്, കൊയിലാണ്ടി, കാസർഗോഡ് തുടങ്ങിയ മുനിസിപ്പാലിറ്റികളുടെ തീരപ്രദേശങ്ങൾ, ഇവിടെ ഇരിക്കുന്ന ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ എം.എൽ.എ.മാരുടെയും മണ്ഡലത്തിന്റെ തീരപ്രദേശം മുഴുവൻ കടലെടുക്കുകയാണ്. ഏറ്റവും കൂടുതൽ കടലോരമുള്ളത് ആലപ്പുഴ ജില്ലയ്ക്കാണ്. ആലപ്പുഴ ജില്ലയ്ക്ക് 107 കിലോമീറ്റർ കടലോരമാണ്. ഏറ്റവും ഗുരുതരമായ സ്ഥിതി വിശേഷമാണ് ആലപ്പുഴ ജില്ലയുടേത്. ആ പ്രദേശത്തെ എം.എൽ.എ.മാർ രാവും പകലും അവിടേയ്ക്ക് പോകുന്നു. പക്ഷെ, എന്തുകാര്യം; ഇതിന് ശാശ്വതമായ പരിഹാരം എന്താണ്; ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു പ്രകാരമാണെങ്കിൽ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് കടൽ ഭിത്തിയുടെ റിപ്പയർ നടത്തിയിട്ട് എത്ര വർഷമായി? റിപ്പയർ നടത്തി 38 കൊല്ലം കഴിഞ്ഞിട്ടും കടൽ ഭിത്തിക്ക് റിപ്പയർ നടത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഇതിനായി ഇപ്പോൾ നീക്കിവെച്ചിരിക്കുന്നത് 35 ലക്ഷം രൂപയാണ്. ഇത് എന്തിനുണ്ട്; ഇവിടെ കടൽഭിത്തികൾ പൂർണ്ണമായും തകർന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 2-3 വർഷമായി ഏറ്റവും രൂക്ഷമായ കടലാക്രമണമാണ്. ഏറ്റവും ശക്തമായിരുന്ന കടൽഭിത്തി പോലും

ഇടിഞ്ഞ് തകർന്ന് താഴേക്കു പോകുകയാണ്. പുലിമുട്ടുകളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. പുലിമുട്ടുകൾ ഇതിനൊരു ശാശ്വതപരിഹാരമാണ്. പക്ഷെ, പുലിമുട്ട് നിർമ്മിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ തീരുമാനം എന്താണ്; ആദ്യം പറഞ്ഞു മദ്രാസ് ഐ.ഐ.റ്റി.യെക്കൊണ്ട് പഠനം നടത്തു ന്നുവെന്ന്. സീ ബെഡ് ലെവലിന്റെ പരിശോധന നടത്താനായി ബാക്ക് മെട്രിക് സർവ്വെ എന്നുപറയുന്ന ഒരു പ്രത്യേകമായ സർവ്വേ നടത്തണമെ ന്നാണ് മദ്രാസ് ഐ.ഐ.റ്റി.യുടെ പഠന റിപ്പോർട്ട് പറയുന്നത്. അതിനുവേ ണ്ടി, പൂനെയിലുള്ള സി.ഡബ്ല്യു.പി.ആർ.എസ്. എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനത്തെ ഏൽപിച്ചുവെന്ന് ഇപ്പോൾ പറയുന്നു. അത് ഏൽപിച്ചിട്ട് എത്ര വർഷമായി; പഠനങ്ങൾ നടക്കുകയല്ലാതെ തീരദേശവാസികളുടെ പ്രശ്ന ങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാകുന്നില്ല. ഓരോ വർഷം ചെല്ലും തോറും മഴക്കാലത്ത് മാത്രമല്ല, വേനൽക്കാലത്തും കടൽ കയറുന്ന പ്രതി ഭാസം നമ്മുടെ രാജ്യത്ത് സംഭവിക്കുകയാണ്. അതിന് പരിഹാരമുണ്ടാക്കാൻ എന്തെങ്കിലും കാര്യം ചെയ്യുണ്ടെ; ഇപ്പോൾ ചെയ്യുന്ന കാര്യമെന്താണ്; എല്ലാ മണ്ഡലത്തിലും വീടുകൾക്ക് സംരക്ഷണം ഉണ്ടാക്കാൻ വേണ്ടി രണ്ടോ മൂന്നോ ലക്ഷം രൂപയുടെ കല്ല് ഇറക്കുകയാണ് ചെയ്യുന്നത്. എന്റെ മണ്ഡല ത്തിൽ കല്ല് ഇറക്കുന്ന കോൺട്രാക്ടർമാർക്ക് കഴിഞ്ഞവർഷത്തെ തുക ഇതു വരെ കൊടുത്തിട്ടില്ല. പണം കൊടുക്കാതെ ഈ വർഷം കല്ല് ഇറക്കാൻ പറ ഞ്ഞാൽ ആരെങ്കിലും അത് ചെയ്യുമോ; ഒരു നയാ പൈസ കൊടുക്കുന്നില്ല. വെറുതെ കടലാസിലെ പുലി എന്ന് പറയുന്നതുപോലെ, ഏട്ടിലെ പശു പുല്ലു തിന്നില്ല എന്ന് പറയുന്നതുപോലെ, ഈ ഗവൺമെന്റ് കഴിഞ്ഞ വർഷം പ്രവർത്തിച്ചവർക്കുപോലും പണം കൊടുക്കാതെ, കോൺട്രാക്ടർമാർ പിൻമാറിയിരിക്കുകയാണ്. എല്ലാ സ്ഥലത്തും പ്രതിസന്ധിയാണ്. ഇത് മാത്ര

മാണോ, കടൽ ഭിത്തി തകർന്ന് വീട്ടുകളിലേയ്ക്ക് വെള്ളം കയറി വീടുകൾ മുഴുവൻ തകർന്നുകൊണ്ടിരിക്കുന്നു. ആളുകളെ മാറ്റി പാർപ്പിക്കണം. അവിടെയെല്ലാം പകർച്ചവ്യാധി പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. പകർച്ച വ്യാധി പടർന്നു പിടിക്കുന്നുവെന്ന കാര്യം മാത്രമല്ല, അവിടെ കുടിവെള്ളത്തിന്റെ വിതരണ ശൃംഖല പൂർണ്ണമായും തകർന്നിരിക്കുന്നു. ഓരോ പ്രദേശത്തെയും കുടിവെള്ളം, ശുദ്ധജല വിതരണ ശൃംഖല തകർന്നുപോയിരിക്കുകയാണ്. ബഹുമാനപ്പെട്ട ആര്യാടൻ സർ കേൾക്കണം, അവിടത്തെ വൈദ്യുതി പോസ്റ്റിന്റെ കാലുകളൊക്കെ വീണുപോയി. ആ പ്രദേശത്ത് കറന്റില്ല, കുടിവെള്ളമില്ല, തീരദേശ റോഡുകളെല്ലാം കടലെടുത്ത് പോയി. എല്ലാ റോഡുകളും തകർന്ന് സഞ്ചാരയോഗ്യമല്ലാതായി. എന്ത് ചെയ്യാൻ പറ്റും? ഈ 500 കിലോമീറ്റർ വരുന്ന തീരപ്രദേശത്ത് കോടിക്കണക്കിന് മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പട്ടിണി കിടക്കുകയാണ്. അവിടെ പണിയില്ലാത്തവർക്ക് സൗജന്യ റേഷൻ കൊടുക്കുന്നുണ്ടോ; മലപ്പുറം ജില്ലയിൽ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ മണ്ഡലത്തിലെ സ്ഥിതിയെന്താണ്; ഭരണകക്ഷിയാണെന്ന് പേടിച്ച് മിണ്ടാതിരിക്കുകയാണ്. ഒന്നും കൊടുക്കുന്നില്ല. പുലിമുട്ടുകൾ സ്ഥാപിക്കാൻ വേണ്ടി, കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുകയാണെന്ന് ഇപ്പോൾ മന്ത്രി പറഞ്ഞല്ലോ; എത്ര സമയമായി സമർപ്പിക്കാൻ തുടങ്ങിയിട്ട്; 790 കോടിയുടെ പദ്ധതിയുണ്ടെന്ന് പറഞ്ഞു. എവിടെ പദ്ധതി; പുലിമുട്ടുകൾ എവിടെയെങ്കിലും സ്ഥാപിച്ചോ; സുനാമി ഉണ്ടായപ്പോഴും പാലായിലേയ്ക്ക് ഫണ്ട് കൊണ്ടുപോയ ചരിത്രമാണ് നമുക്കുള്ളത്. ഒരു സുനാമിയും ഉണ്ടാകാത്ത സ്ഥലത്തേയ്ക്ക് ഫണ്ട് കൊണ്ടുപോയ ചരിത്രമാണുള്ളത്. 4800 കോടി രൂപ രാജ്യത്തിന്റെ ഖജനാവിലേയ്ക്ക് തരുന്ന മത്സ്യത്തൊഴിലാളികളുടെ മേഖലയിൽ ഇത്രയും വലിയ തകർച്ചയുണ്ടായപ്പോൾ നിങ്ങൾ എന്തു

ചെയ്തുകൊണ്ടിരിക്കുകയാണ്? തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് മണ്ഡലത്തിലെ പൂന്തുറ, അഞ്ചുതെങ്ങ് മേഖലയിൽ ഒന്നര കിലോമീറ്റർ കടൽ അകത്തേയ്ക്ക് കയറി രൂക്ഷമായ കടലാക്രമണമുണ്ടായി. തിരുവനന്ത പുരം, കൊല്ലം, ആലപ്പുഴ തുടങ്ങിയ ജില്ലകളിലും, തലശ്ശേരി ടൗണിലെ പാലി ശ്ശേരി, തലായി, ന്യൂമാഹി, അഴീക്കൽ മേഖലകളിലും വടകര, കൊയിലാണ്ടി, ചേറോട്, ഒഞ്ചിയം, ഏറാമലയും കാസർഗോഡ് ജില്ലയിലെ നീലേശ്വരം, കട പ്പുറം, വലിയപറമ്പ്, ചിത്താരിക്കടപ്പുറം, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയും ആലപ്പുഴ ജില്ലിയിലെ 107 കിലോമീറ്ററിലെ ആറാട്ടുപുഴ, അമ്പലപ്പുഴ, പുറക്കാട്, കൊമ്മാടി, ചാപ്പക്കടവ്, തൃക്കുന്നപ്പുഴ, പള്ളിത്തോടും കൊല്ലം ജില്ലയിലെ ഇര വിപുരം, കരുനാഗപ്പള്ളി, ആലപ്പാട് തുടങ്ങിയ സ്ഥലങ്ങളിലും, ആയിരംതൈ, ചേന്നവേലി, കാട്ടൂർ തുടങ്ങിയ ചേർത്തലയിലെ സ്ഥലങ്ങളിലും, പള്ളിത്തോ ട്, തുമ്പോളിയും എറണാകുളം ജില്ലയിലെ ശ്രീ. എസ്. ശർമ്മയുടെ മണ്ഡല ത്തിലെ നായരമ്പലം, എടവനക്കാട്, ഞാറയ്ക്കൽ, കുഴുപ്പുള്ളിയും തൃശ്ശൂർ ജില്ലയിലെ ഏറിയാട്, എടവിലങ്ങ്, മതിലകം, പൊക്ലായി, തളിക്കുളം, തമ്പാൻകടവ്, വാടാനപ്പള്ളി, ചാവക്കാട് കടപ്പുറവും മലപ്പുറം ജില്ലയിലെ താനൂർ, പൊന്നാനിയും കോഴിക്കോട് ജില്ലിയിലെ വിവിധ പ്രദേശങ്ങളും, കണ്ണൂർ ജില്ലിയിലെ ശ്രീ. റ്റി. വി. രാജേഷിന്റെ മണ്ഡലമായ കല്ല്യാശ്ശേരിയിലെ രണ്ട് പഞ്ചായത്തുകൾക്ക് കോടിക്കണക്കിന് രൂപ കൊടുക്കാമെന്ന് പറഞ്ഞിട്ട് ഇതുവരെ യാതൊന്നും കൊടുത്തിട്ടില്ല. ഒരു പണിയും ചെയ്തിട്ടുമില്ല. ഈ പ്രദേശങ്ങളിൽ ഞാൻ ഏതെങ്കിലും സ്ഥലം വിട്ടുപോയിട്ടുണ്ടെങ്കിൽ ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ തുട ങ്ങിയ നമ്മുടെ സംസ്ഥാനത്തെ എല്ലാ തീരദേശ മണ്ഡലങ്ങളേയും പ്രദേശ ങ്ങളേയും ഒരു സ്ഥലംപോലും, അമ്പ് കൊള്ളാത്തവരില്ല ഗുരുക്കളെ എന്ന്

പറയുന്നതുപോലെ കടലാക്രമണ ഭീതി നേരിടാത്ത ഒരു പ്രദേശവും നമ്മുടെ കേരളത്തിന്റെ തീരപ്രദേശത്തില്ല. ഈ സമീപകാലത്തെ പഠനങ്ങൾ പറയുന്നത് 10-15 വർഷത്തിനിടയിൽ ഉണ്ടായിരിക്കുന്നതിൽവെച്ച് ഏറ്റവും രൂക്ഷമായ കടലാക്രമണമാണെന്നാണ്. ഇതിന് ശാശ്വതമായ പരിഹാരം കാണുന്നതിന് സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ എന്താണ് ചെയ്തത്. ആലപ്പുഴയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം വിളിച്ചുകൂട്ടി. ആലപ്പുഴ ജില്ലയിൽ മുഖ്യമന്ത്രി യോഗം വിളിച്ചുകൂട്ടിയതൊഴിച്ചാൽ, തൃശ്ശൂർ ജില്ലയിൽ യോഗം വിളിക്കുന്നതിന് ഞാൻ ആവശ്യപ്പെട്ടു, വിളിച്ചുകൂട്ടിയില്ല. മറ്റൊരു സ്ഥലത്തും മീറ്റിംഗ് വിളിച്ചുകൂട്ടിയില്ല. മീറ്റിംഗ് വിളിച്ചിട്ടും വലിയ കാര്യമൊന്നുമില്ല. മീറ്റിംഗ് വിളിച്ചിട്ട് മന്ത്രിമാർ വന്ന് വലിയ വർത്തമാനം പറയുമെന്നല്ലാതെ ഒരു ഗുണവും അവിടെയില്ല. കേരളത്തിലെ ഏതെങ്കിലും തീരപ്രദേശത്ത് ഈ മന്ത്രിമാർക്ക് പോകാമോയെന്ന് ഞാൻ ചോദിക്കുകയാണ്. ശ്രീ. വി. എസ്. ശിവകുമാർ പോയപ്പോൾ എന്താണ് സംഭവിച്ചത്?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പിരിച്ചുവിടാൻ പറയാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് എന്തിനാണ്; ഐസ്ക്രീമിന്റെ മുകളിൽ ചെറിപ്പഴം വെച്ചതുപോലെ ഭംഗിക്കു വെച്ചിരിക്കുകയാണോ ഈ ഡിപ്പാർട്ട്മെന്റ്? ഒരു പണിയും ചെയ്യുന്നില്ല. അവരെ മാത്രം പറഞ്ഞിട്ട് കാര്യമില്ല. ബഡ്ജറ്റിൽ പുലിമുട്ടിനുവേണ്ടി പറഞ്ഞ പണം ചെലവഴിച്ചോ; തീരദേശം സംരക്ഷിക്കാൻ വേണ്ടി ബഡ്ജറ്റിൽ എന്താണ് കൊടുക്കുന്നത്; ഏതെങ്കിലും പൈസ കൊടുക്കുന്നുണ്ടോ മാണി സാർ? മലയോരം മാത്രമല്ല തീരപ്രദേശവും ഉണ്ട്. ഈ തീരപ്രദേശത്തെ

മത്സ്യത്തൊഴിലാളികളുടെ സ്ഥിതിയെന്താണ്? അവർക്ക് സി.ആർ.ഇസഡ്. കാരണം വീട് വെയ്ക്കാൻ പറ്റില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: നമ്മൾ എല്ലാം ഏൽപിച്ചുകൊടുക്കുകയാണ്. നാല് ഡാം തമിഴ്നാടിനെ ഏൽപിച്ചുകൊടുത്തു. ആ കഥ നമ്മളിവിടെ ചർച്ച ചെയ്തതാണ്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ഡാമുകളൊക്കെ തമിഴ്നാടിന് കൊടുക്കുന്നു, തീരപ്രദേശമൊക്കെ കടലിനും കൊടുത്തുകൊണ്ടിരിക്കുകയുമാണ്. ഈ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് എന്തിനാണ്? ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് നമ്മുടെ സംസ്ഥാനത്തിന് ഒരു ബാദ്ധ്യതയായി മാറിക്കൊണ്ടിരിക്കുകയാണ്. ഒരു കാര്യവും ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: ജനജീവിതം കൊണ്ട് പന്താടുന്ന ഒരു ഡിപ്പാർട്ട്മെന്റായി ഈ ഡിപ്പാർട്ട്മെന്റ് മാറുകയാണ്. അതുകൊണ്ട്, നിങ്ങൾ യോഗം വിളിച്ചുകൂട്ടണമെന്ന് ഞാൻ പറയുന്നില്ല. പക്ഷെ, നിങ്ങൾ എന്ത് ചെയ്യാൻ പോകുന്നു; ഞങ്ങൾക്ക് അറിയേണ്ട കാര്യമുണ്ട്. ഇത് പ്രതിപക്ഷത്തിന് മാത്രമല്ല, ഭരണകക്ഷിയിലിരിക്കുന്ന മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിലെ, ഹരിപ്പാട് എം.എൽ.എ.യും ഇവിടത്തെ ആഭ്യന്തര വകുപ്പുമന്ത്രിയുടെയുമടക്കമുള്ള ആളുകളുടെ വികാരമാണ് ഞാനിവിടെ പ്രകടിപ്പിക്കുന്നത്. അതുകൊണ്ട് ഈ പ്രശ്നം നമ്മുടെ സംസ്ഥാനത്തെ ഏറ്റവും ഗുരുതരമായ പ്രശ്നമായിത്തന്നെ എടുക്കണം. ഈ ദുരിതാശ്വാസ പ്രവർത്തനത്തിലൂടെ നിങ്ങൾ കുറച്ച് അരിയും പഞ്ചസാരയും കൊടുത്തിട്ടോ അവിടെ കല്ല് കൊണ്ടിട്ടിട്ടോ കാര്യമില്ല. അതിന് ശാശ്വതമായി പരിഹാരമുണ്ടാക്കാൻ വേണ്ടി എന്ത് ചെയ്യാൻ പോകുന്നു? ഇപ്പോൾ കൊടുത്തിരിക്കുന്ന 18 കോടി

രൂപയല്ലാതെ ഏറ്റവും അടിയന്തരമായി ഈ വീടുകൾ സംരക്ഷിക്കണം. അവർക്ക് പുതിയ വീടുകൾ പണിത് കൊടുക്കണം. അവർക്ക് നഷ്ടപരിഹാരം കൊടുക്കണം. ആലപ്പുഴ, അമ്പലപ്പുഴ മണ്ഡലങ്ങളിലെ എം.എൽ.എ. മാർ ഇരിക്കുന്നുണ്ട്. അവിടെ ഇരുന്നൂറിലധികം വീടുകൾ തകർന്നു. ഒരു നയാപൈസ കൊടുത്തില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: എന്റെ മണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 142 വീടുകൾ തകർന്നു. ഒരു പൈസയും കിട്ടിയിട്ടില്ല. പണം കൊടുക്കാൻപോലും പണം നിങ്ങളുടെ കൈയ്യിലില്ല. വെറുതെ വാചകമടിച്ചിട്ട് കാര്യമില്ല. അതുകൊണ്ട് ഞാൻ പറയുന്നത്, ഇത് നമ്മുടെ സംസ്ഥാനത്തെ ലക്ഷക്കണക്കിന് തീരദേശ വാസികളുടെ ജീവൻ പന്താടുന്ന അതീവ ഗുരുതരമായ പ്രശ്നമാണ്. ആ പ്രശ്നം ലാഘവത്തോടുകൂടി ഒരു പ്രഖ്യാപനം നടത്തി, എന്തെങ്കിലും പറഞ്ഞ് ഈ നിയമസഭയെ ബോദ്ധ്യപ്പെടുത്തി തടിതപ്പുന്ന രീതി നിങ്ങൾ അവലംബിക്കരുത്. നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്ക് ഈ കാര്യത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ, ജനസമ്പർക്ക പരിപാടിയിൽ അദ്ദേഹം പോയപ്പോൾ ഇതുപോലെ ആയിരക്കണക്കിന് അപേക്ഷകൾ അദ്ദേഹത്തിന് കിട്ടിയിട്ടുണ്ടാകും.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: ഈ ഇരിക്കുന്ന എല്ലാ എം.എൽ.എ.മാർക്കും വേണ്ടി ഞാൻ ചോദിക്കുന്നു, ഈ കാര്യം സഭ നിർത്തിവെച്ച് ചർച്ച ചെയ്യാൻ തയ്യാറുണ്ടോ; സഭ നിർത്തിവെച്ച് ഈ വിഷയം ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കേരളത്തിന്റെ 600 കിലോമീറ്റർ വരുന്ന തീരദേശത്തെ കടലാക്രമണം തടയുന്നത് അതിർത്തി സംരക്ഷിക്കുന്നതുപോലെ ചെയ്യേണ്ടൊരു കാര്യമാണെന്ന് ഈ സഭയിൽ വർഷങ്ങളായി നമ്മൾ കേൾക്കുന്നൊരു കാര്യമാണ്. 3 കൊല്ലം കൊണ്ട് ഉണ്ടായ പ്രശ്നമാണിതെന്ന് ആരെങ്കിലും പറയുമോ? ഇതിന് പരിഹാരം കാണാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. കടലാക്രമണമുണ്ടാകുമ്പോൾ താൽക്കാലികമായ കുറെ നടപടികൾ സ്വീകരിക്കുന്നു എന്നതിനപ്പുറത്തേക്ക് പോകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പെർമനന്റായി ഈ പ്രശ്നം പരിഹരിക്കണം. ബഡ്ജറ്റിലെ തുക നമുക്കറിയാം. 10–12 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതുകൊണ്ട് ഒന്നും ചെയ്യാൻ കഴിയില്ല. ഇപ്പോൾ ആലപ്പുഴ ജില്ലയിൽ നബാർഡിൽനിന്ന് 50 കോടി രൂപ അനുവദിച്ച് 10 വർക്കുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഏതാനും പുലിമുട്ടുകൾ അവിടെ തീർന്നു. പുലിമുട്ടുകൾ ഫലപ്രദമല്ല, അവിടെയും ഇവിടെയും ഓരോ പുലിമുട്ടുകൾ തീർത്തിട്ട് കാര്യമില്ല. സീരീസ് ഓഫ് പുലിമുട്ടുകൾ വേണം. പുലിമുട്ടുകൾ തീർക്കുന്നതിനെ സംബന്ധിച്ച് ഒരു ശാസ്ത്രീയ പഠനം നടത്തി തീരുമാനമായിട്ടുണ്ട്. തീരുമാനം ഉണ്ടായിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. പുലിമുട്ടുകൾക്ക് വേണ്ടിയുള്ള ഭീമമായ തുക നമുക്ക് ലഭ്യമാകണം. സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് അലോക്കേഷനും വർദ്ധിപ്പിക്കണം. ഒരു സംശയവുമില്ല. അതോടൊപ്പം കേന്ദ്രത്തിലും നമുക്ക് മുന്നോട്ട് പോകണം. ഇപ്പോൾ താൽക്കാലിക നടപടിയെന്നുള്ള നിലയിൽ, കഴിഞ്ഞ ക്യാബിനറ്റ് വെള്ളിയാഴ്ച കൂടിയിട്ട് എടുത്ത ആദ്യത്തെ തീരുമാനം, വീടുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവർക്കും വീടുകൾക്ക് കാര്യമായി നാശനഷ്ടം സംഭവിച്ചവർക്കും വീട് പുനർനിർമ്മിക്കുന്ന

തിനു വേണ്ടിയുള്ള സഹായം അടിയന്തരമായി നൽകുന്നതാണ്. അത് കഴിഞ്ഞകാലത്ത് കിട്ടിയിട്ടുണ്ടെങ്കിൽ അതും കൊടുത്ത് തീർക്കുമെന്നതിൽ ഒരു സംശയവുമില്ല. ആ കാര്യത്തിൽ പ്രത്യേകമായൊരു തീരുമാനമെടുത്തു കഴിഞ്ഞിട്ടുണ്ട്. കുടിവെള്ളം, വൈദ്യുതി എന്നിവ വിച്ഛേദിച്ചവ പുനസ്ഥാപിക്കണം, അതുപോലെത്തന്നെ വാഹനങ്ങളിൽ വെള്ളം എത്തിക്കുക തുടങ്ങി അടിയന്തരമായിട്ടുള്ള എല്ലാ കാര്യങ്ങളും ചെയ്യുവാനുള്ള നിർദ്ദേശം കളക്ടർമാർക്ക് കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഈ അവസരത്തിൽ ഞാനവയുടെ ലിസ്റ്റ് പറയുന്നില്ല. ബുധനാഴ്ചത്തെ ക്യാബിനറ്റിൽ, ജില്ലാ കളക്ടർമാരോട് എല്ലാ ജില്ലയിൽ നിന്നുമുള്ള റിപ്പോർട്ട് തരാൻ പറഞ്ഞു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ വെള്ളിയാഴ്ച പ്രത്യേകമായ ക്യാബിനറ്റ് ചേർന്നത്. ഇനിയും അടിയന്തരമായ സഹായങ്ങൾ ആവശ്യമുള്ളിടത്തെല്ലാം എത്തിച്ചു കൊടുക്കണം. താൽക്കാലികമായ ഈ നടപടിക്കൊപ്പം പെർമനന്റ് മെഷേഴ്സിലേക്ക്.....

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു കാര്യം അറിഞ്ഞാൽ കൊള്ളാം. കോൺഫറൻസ് നടന്നപ്പോൾ വീട് തകർന്നുപോയവർക്ക് കല്ലിട്ട് സംരക്ഷിക്കാൻ വേണ്ടി 10 കോടി രൂപ അടിയന്തരമായിട്ട് അനുവദിക്കാൻ ക്യാബിനറ്റിന് കൊടുത്തിട്ടുണ്ട്. എത്ര കോടി അനുവദിച്ചു? ജില്ലാ കളക്ടർമാരുടെ കൈയ്യിൽ നിന്ന് റിപ്പോർട്ട് വാങ്ങി. ശരിയാണ് ഇത് പരിഹാരമല്ല. ഇപ്പോൾ അടിയന്തരമായിട്ട് കല്ലിട്ട് സംരക്ഷിക്കുന്നതിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്?

ശ്രീ. പി. ജെ. ജോസഫ്: സാമ്പത്തിക പരിമിതി വച്ച് 5 കോടി രൂപ നൽകാനാണിപ്പോൾ തീരുമാനിച്ചിരിക്കുന്നത്. അപ്പോൾ ഇത്.....

ശ്രീ. വി. എസ്. സുനിൽ കുമാർ: കോടികൾ കൊടുത്തിട്ടും കല്ല് കിട്ടുന്നില്ല.

ശ്രീ. പി. ജെ. ജോസഫ്: അതിനെല്ലാം ഹൈക്കോടതിയുടെ നിർദ്ദേശങ്ങളനുസരിച്ച് ബില്ല് കൊടുക്കുന്നതിനുള്ള പരിമിതികളുണ്ട്. ഏതായാലും ഈ വിഷയത്തെ സംബന്ധിച്ച് മുഖ്യമന്ത്രി പറയുന്നതാണ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന രൂക്ഷമായ കടലാക്രമണത്തിന്റെ പശ്ചാത്തലത്തിൽ, ഞാൻ പറഞ്ഞല്ലോ ഗാബിയോൺ ബാഗ്സ് ഇടുക, വലിയ കല്ലുകളിട്ടാൽ താഴ്ന്നു പോകില്ല. പക്ഷേ വലിയ കല്ലുകൾ കിട്ടാനുള്ള ബുദ്ധിമുട്ടുകളുണ്ട്. കിട്ടുന്ന പരമാവധി വലിയ കല്ലുകൾ കൊണ്ടിടാനാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. വർക്കുകൾ എല്ലായിടത്തും തുടങ്ങി കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, അങ്ങയോട് 2011 മുതലേ പറയുന്നു, പുറക്കാട് ജംഗ്ഷൻ ഹൈവേയിൽ നിന്ന് കടലിൽ പോയത് ഏകദേശം 100 മീറ്ററിന് അടുത്തു വന്നിരിക്കുന്നു. അത് കഴിഞ്ഞ വർഷം 150 ആയിരുന്നു. ഇതൊരു രാഷ്ട്രീയ പ്രശ്നമല്ല. ഇതൊക്കെ അടിയന്തരമായി നമ്മൾ കൈകാര്യം ചെയ്യണം. പണത്തിന്റെ കാര്യങ്ങളൊക്കെ പറഞ്ഞു. ഇതിന് ഒരു ആക്ഷൻ പ്ലാനുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഈ അടിയന്തരപ്രമേയ സമയത്ത് വ്യക്തമായ ഒരു മറുപടി തന്ന് ജനങ്ങളുടെ ആശങ്ക അകറ്റണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, ഇതേ തുടർന്ന് ഹൈലെവൽ കമ്മിറ്റി വീണ്ടും അടിയന്തരമായി കൂടും. മുഖ്യമന്ത്രി ഇതേപ്പറ്റി പറയും. ഓരോ പ്രദേശത്തുമുള്ള കുറച്ചുകൂടി വിശദമായ റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനുള്ള തീരുമാനമെടുത്തുകൊണ്ട് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതാണ്. ഇവിടെ

ചെയ്യേണ്ടതും കേന്ദ്രത്തിൽ ചെയ്യേണ്ടതുമായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, 560 കിലോമീറ്റർ വ്യാപ്തിയുള്ള നമ്മുടെ തീര പ്രദേശത്ത് കടലാക്രമണം രൂക്ഷമായി വ്യാപിച്ചിരിക്കുന്നയവസരത്തിൽ ഒരു മാസത്തേക്കെങ്കിലും അവർക്ക് സൗജന്യ റേഷൻ നൽകുന്നതിനുവേണ്ടിയിട്ടുള്ള നടപടിയെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; അതേ കുറിച്ച് എന്താണ് അങ്ങേയ്ക്ക് പറയാനുള്ളത്?

ശ്രീ. പി. ജെ. ജോസഫ്: സർ, അതേപ്പറ്റി തീരുമാനമെടുത്തു കഴിഞ്ഞിട്ടുണ്ട്. ഈ മേഖലയെ സംബന്ധിച്ച് മുഖ്യമന്ത്രി ഇതിന്റെ തുടർച്ചയായിട്ട് പറയും. ഈ മേഖയിൽ സൗജന്യ റേഷൻ കൊടുക്കണമെന്ന് തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങയെ പ്രതിക്കൂട്ടിൽ നിർത്താൻ വേണ്ടിയല്ല ഞങ്ങളിതിവിടെ അവതരിപ്പിച്ചത്. നമ്മളെല്ലാവരും കൂടി ചർച്ച ചെയ്തിട്ട് പരിഹാരം ഉണ്ടാക്കേണ്ട വിഷയമാണിത്. ഒരു ജില്ലയിൽ ഒരു കോടി രൂപ കൊടുത്തെന്ന് പറഞ്ഞാലും അതൊന്നും തികയില്ല. ധാരാളം മണ്ഡലങ്ങളുള്ള സ്ഥലങ്ങളിൽ അടിയന്തരമായി ചെയ്യേണ്ട സഹായത്തിനുപോലും ഈ ഗവൺമെന്റ് കൊടുത്തിരിക്കുന്ന സഹായം വളരെ ചെറുതാണ്. അതുപോലെ ചീഫ് എഞ്ചിനീയർ എന്റെ സ്ഥലത്തെ അസിസ്റ്റന്റ് ചീഫ് എഞ്ചിനീയറെ വിളിച്ച് പറഞ്ഞത്, പണി ഏറ്റവും ചുരുക്കി ചെയ്താൽ മതിയെന്നാണ്. കടലാക്രമണം നടന്ന സ്ഥലത്ത് ചുരുക്കി ചെയ്യാൻ സാധിക്കുമോ? അതുകൊണ്ട് അക്കാര്യത്തിൽ ഒരു ലിബറലായിട്ടുള്ള സംവിധാനമില്ലാതെ നടക്കില്ല.

ശ്രീ. പി. ജെ. ജോസഫ്: അത്യാവശ്യമായിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തു കഴിഞ്ഞിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ഇന്ന് രാവിലെതന്നെ വർക്ക് തുടങ്ങുമെന്ന് എന്നെ ഫോണിൽ വിളിച്ച് പറഞ്ഞിരുന്നു. അപ്പോൾത്തന്നെ കളക്ടറേയും, എഞ്ചിനീയേഴിസിനേയും വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, കടലാക്രമണത്തിൽ വീട് തകർന്നിട്ട് അത് പ്രകൃതിക്ഷോഭമല്ലെന്നാണ് റിപ്പോർട്ട് എഴുതിക്കൊടുക്കുന്നത്. വീട് നഷ്ടപ്പെട്ടവർക്ക് പ്രകൃതിക്ഷോഭമല്ലാത്തതുകൊണ്ട് ധനസഹായം കൊടുക്കാത്ത സ്ഥിതിയുണ്ട്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ധനസഹായം കൊടുക്കാൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ വെള്ളിയാഴ്ച ചേർന്ന സ്പെഷ്യൽ ക്യാബിനറ്റിൽ കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് വച്ചുകൊടുക്കാനുള്ള തീരുമാനമെടുത്തുകഴിഞ്ഞിട്ടുണ്ട്. (ബഹളം.....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, വൈന്റ് അപ്പ് ചെയ്തോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നമ്മുടെ സംസ്ഥാനത്തിന്റെ കടൽത്തീരമുള്ള ഒൻപത് ജില്ലകളിലും കടലാക്രമണം രൂക്ഷമാണ്. അതിന്റെ വിവരങ്ങൾ കിട്ടിയ ഉടനെ തന്നെ, കഴിഞ്ഞ ബുധനാഴ്ച കൂടിയ ക്യാബിനറ്റിൽ എല്ലാ ജില്ലാകളക്ടർമാരോടും അടിയന്തരമായി ഇത് സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടു. അതനുസരിച്ചുള്ള റിപ്പോർട്ടുകൾ വ്യാഴാഴ്ച തന്നെ കിട്ടി. അതിന്റെയടിസ്ഥാനത്തിൽ വെള്ളിയാഴ്ച സ്പെഷ്യൽ ക്യാബിനറ്റ് കൂടി ഈ വിഷയം ചർച്ചചെയ്തു. വീടു നഷ്ടപ്പെട്ടവർക്ക് വീടു വച്ചുകൊടുക്കുവാനും,

കടലാക്രമണം കൊണ്ട് നാശനഷ്ടങ്ങൾ ഉണ്ടായി ബുദ്ധിമുട്ടനുഭവിക്കുന്ന വർക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനും കളക്ടർമാർ ആവശ്യപ്പെട്ടത നുസരിച്ച് അടിയന്തരമായി 18 കോടി രൂപ അനുവദിച്ചു. ഈ സമയത്ത് ഒരു പെർമനന്റ് വർക്ക് നടത്തുവാൻ സാധിക്കുകയില്ല. കടലാക്രമണം തടഞ്ഞ് നിർത്താൻ അടിയന്തരമായി ചെയ്യേണ്ട നടപടികൾ വലിയ കരിങ്കല്ല് കൊണ്ടി റക്കുക എന്നുള്ളതാണ്. പരിമിതമായ പ്രവർത്തനങ്ങൾ മാത്രമേ ഇപ്പോൾ ചെയ്യുവാൻ സാധിക്കുകയുള്ളൂ. വൈദ്യുതിബന്ധം നഷ്ടപ്പെട്ടിടത്ത് അത് പുന:സ്ഥാപിക്കുന്നതിനും കുടിവെള്ള പൈപ്പ് നന്നാക്കി പുന:സ്ഥാപിക്കു ന്നതിനും കുടിവെള്ളം പുന:സ്ഥാപിക്കുന്നതുവരെ ലോറിയിൽ വെള്ളം കൊണ്ടുവന്ന് വിതരണം ചെയ്യുന്നതിനും വ്യക്തമായ നിർദ്ദേശം കൊടുത്തു. എല്ലാ കളക്ടർമാരുടെ കൈയിലും സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഫണ്ട് ഉണ്ട്. ആവശ്യം വന്നാൽ ആ ഫണ്ട് ഉപയോഗിക്കുവാനുള്ള അനുമതിയും കൊടുത്തു. ഇപ്രാവശ്യത്തിന്റെ കടലാക്രമണത്തിന്റെ പശ്ചാ ത്തലത്തിൽ അടിയന്തിരമായി ഏറ്റെടുക്കേണ്ട വർക്കുകൾ സംബന്ധിച്ച് എസ്റ്റി മേറ്റ് എടുക്കാൻ ഇറിഗേഷൻ വകുപ്പിന് നിർദ്ദേശം കൊടുത്തു. ഒരു ഗവൺമെന്റിന് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട് കടലാക്രമണ ത്തിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ളവർക്ക് ആശ്വാസം എത്തിക്കുന്നതിൽ സാമ്പത്തികം ഒരു തടസ്സമാവില്ല എന്ന് ഞാൻ സഭയ്ക്ക് ഉറപ്പുതരികയാണ്. തുക കൂടുതൽ ആവശ്യമാണെങ്കിൽ വീണ്ടും അനുവദിക്കുന്നതാണ്. സ്റ്റേറ്റ് ഡിസാസ്റ്റർ ഫണ്ടിലെ 139 കോടി രൂപ കളക്ടർമാരുടെ കൈവശം ഉണ്ട്. ആവ ശ്യാനുസരണം ഈ തുക ഉപയോഗിക്കുവാൻ ഉള്ള അനുവാദം അവർക്ക് കൊടുത്തിട്ടുണ്ട്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഈ കടലാക്രമണം ചില പ്രദേശത്ത് എല്ലാ സന്ദർഭങ്ങളിലും സ്ഥിരമായിട്ടുണ്ടാകുന്നുണ്ട്. എന്റെ മണ്ഡലമായ തലശ്ശേരിയിൽ കടലാക്രമണം റിപ്പോർട്ട് ചെയ്യുമ്പോഴൊക്കെ ഞാനവിടെ പോയി നോക്കാറുണ്ട്. ഈ ശനിയാഴ്ചയും ഞാനവിടെപ്പോയിരുന്നു. നേരത്തെയുണ്ടായ അതേ സ്ഥലത്തു തന്നെയാണ് ഇപ്പോഴും കടലാക്രമണം നടന്നത്. രാത്രികാലത്ത് കടൽ ഇരച്ചുകയറുമ്പോൾ അവിടെയുള്ള വീട്ടുകാർക്ക് എവിടെയും മാറിത്താമസിക്കുവാൻ പറ്റുന്നില്ല. അങ്ങനെ സ്ഥിരമായിട്ട് വീട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന പ്രദേശങ്ങൾ ഐഡന്റിഫൈ ചെയ്ത് അവരെ മാറ്റിത്താമിസിപ്പിക്കുവാനോ, ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അവർക്ക് തൽക്കാലത്തേക്ക് താമസിക്കുവാനുള്ള ക്രമീകരണമോ കടൽത്തീരത്ത് മിക്ക പ്രദേശത്തും ഇല്ല. അങ്ങനെയുള്ള അടിയന്തരഘട്ടത്തിൽ നടപടി സ്വീകരിക്കുന്നതിനുവേണ്ടി ഇത്രയും തുക ഉണ്ടെങ്കിൽ, ആ തുക ഉപയോഗിച്ച് അടിയന്തര ഷെൽട്ടറുകൾ ഉണ്ടാക്കികൊടുത്ത് തൽക്കാല നടപടി സ്വീകരിക്കണം. പുലിമുട്ട് കെട്ടുക എന്നത് കുറെക്കാലമായി പറയുന്ന ഒന്നാണ്, പൈസയുണ്ടെങ്കിൽ അടിയന്തരമായി ഇത്തരം കേന്ദ്രങ്ങളിൽ പുലിമുട്ട് കെട്ടുന്നതിനുവേണ്ടി അനുവദിച്ചുകൂടെ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞെങ്കിലും അത് നടക്കാത്തതിനു കാരണം കോൺട്രാക്ടർമാർ പണിയെടുക്കാത്തതാണ്. കഴിഞ്ഞതവണ ചെയ്ത ഫണ്ട് തന്നിട്ടില്ല, അതുകൊണ്ട് ഞങ്ങൾ കല്ലിടാൻ തയ്യാറല്ല, എന്നുപറഞ്ഞ് അവർ പണിയെടുക്കുവാൻ തയ്യാറല്ല. അടിയന്തരമായി എന്തെങ്കിലും ചെയ്തിട്ടില്ലെങ്കിൽ നമുക്ക് കടൽത്തീരത്ത് പോകുവാൻ പറ്റുകയില്ല. ജനപ്രതിനിധികളെ അങ്ങേയറ്റം തെറിവിളിക്കുകയാണ്. വളരെ പ്രയാസകരമായ സ്ഥിതിയാണ് എല്ലാവരും അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

ഏതെങ്കിലും തരത്തിൽ ഇതിന് പരിഹാരം കാണുന്നില്ലെങ്കിൽ തീരപ്രദേശത്തുള്ള ജനപ്രതിനിധികൾക്ക് നാട്ടിലിറങ്ങാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത് എന്നുള്ള കാര്യം ഗൗരവപൂർവ്വം ഗവൺമെന്റ് കണക്കിലെടുക്കണം.

ശ്രീ. ഉമ്മൻചാണ്ടി: സർ, നിശ്ചയമായും ഇത് വളരെ ഗൗരവമേറിയ കാര്യമാണ്. ബഹുമാനപ്പെട്ട ശ്രീ. കോടിയേരി പറഞ്ഞത് പൂർണമായും ഉൾക്കൊള്ളുന്നു. അതുകൊണ്ടാണ് ഞങ്ങൾ കളക്ടർമാർ ആവശ്യപ്പെട്ട 18 കോടി വെള്ളിയാഴ്ചതന്നെ റിലീസുചെയ്തത്. അതോടൊപ്പം ഇപ്പോൾ കളക്ടർമാരുടെ കൈവശമുള്ള 139 കോടി രൂപ എസ്.ഡി.ആർ.എഫ്.–ൽ നിന്നുള്ളതാണ്. ഭക്ഷണം, കുടിക്കാനുള്ള വെള്ളത്തിന്റെ വിതരണം, മരുന്നുകളുടെ വിതരണം, ബ്രിഡ്ജ് ഡാമേജ് ഇവയ്ക്കെല്ലാം ഈ ഫണ്ട് ഉപയോഗിക്കുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സൗജന്യ റേഷൻ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. സൗജന്യ റേഷന്റെ അളവ് കൂട്ടണമെന്ന് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ആവശ്യപ്പെട്ടിട്ടുണ്ട്, അതിനുള്ള അധികാരവും കളക്ടർമാർക്ക് കൊടുക്കുന്നതായിരിക്കും. ഇപ്പോഴുണ്ടായ കടലാക്രമണം കൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും കടലാക്രമണം കൂടുതൽ വരുന്നത് തടയാനും വേണ്ടിയുള്ള നടപടികൾക്ക് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകി അതിനുവേണ്ടി മുഴുവൻ ശ്രദ്ധയും ചെലുത്തുകയാണ്. കേന്ദ്രഗവൺമെന്റിനോട് നമ്മൾ പലപ്രാവശ്യം ആവശ്യപ്പെട്ട ഒന്നാണ് കടലാക്രമണം പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുത്തണമെന്നുള്ളത്. കടലാക്രമണമാണ് യഥാർത്ഥ പ്രകൃതി ക്ഷോഭം. പക്ഷെ ഇതുവരെ അതുപെടുത്തിയിട്ടില്ല. നമുക്ക് അതാണ് ഏറ്റവും വലിയ ബുദ്ധിമുട്ട്. നമ്മുടെ അതിർത്തി സംരക്ഷിക്കുവാൻ വേണ്ടി ലക്ഷക്കണക്കിന് കോടിരൂപ ഗവൺമെന്റ് ചെലവഴിക്കു

ന്നുണ്ട്. ഇന്ന് കടലാക്രമണമല്ല, സുരക്ഷാഭീഷണിയും കടൽത്തീരത്ത് പലയിടത്തും ഉണ്ടായിത്തുടങ്ങിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അതിർത്തി സംരക്ഷണത്തിന്റെ പ്രാധാന്യം തന്നെ കൊടുത്ത് കടലാക്രമണത്തിനും സുരക്ഷാകാര്യത്തിനും കേന്ദ്രത്തിന്റെ സഹായം നമുക്ക് വേണം. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ, പുലിമുട്ടാണ് ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശമായും ശാശ്വത പരിഹാരമായും ഇന്ന് മുൻപോട്ടു വന്നിട്ടുള്ളത്. പുലിമുട്ട് ഇടുന്നത് വളരെ ചെലവ് കൂടുതലാണ്, ഒരിടത്ത് പുലിമുട്ട് ഇട്ടിട്ട് മാറിയാൽ ആ പുലിമുട്ടിടുന്നിടത്ത് സുരക്ഷ കിട്ടും, അവിടുന്ന് അടിക്കുന്ന തിരകൾ അതിന്റെ നേരെ അപ്പുറത്തുള്ള ഭാഗത്തുചെന്ന് ഇതിനേക്കാൾ ശക്തിയായി അവിടെ അഫക്ട് ചെയ്യും. തുടർച്ചയായി പുലിമുട്ട് ഇടുന്ന നിർദ്ദേശം കൊണ്ടേ നമുക്ക് പരിഹാരം കാണുവാൻ സാധിക്കുകയുള്ളൂ. കേന്ദ്രത്തിന്റെ ഫണ്ട് കിട്ടാതിരിക്കുന്നത് നമുക്ക് വലിയ പ്രശ്നമാണ്. ഇതിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊണ്ട്, എന്തോക്കെ ചെയ്യാമോ, പരിമിതികളുണ്ടെങ്കിലും ചെയ്യാവുന്ന എല്ലാകാര്യങ്ങളും ചെയ്യുന്നതാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതിന് ഒരു പ്രത്യേക പരിഗണനവേണം എന്നത് മറ്റെന്തിനെക്കാളും കൂടിയ പ്രാധാന്യത്തോടുകൂടി കേന്ദ്രത്തിൽ തുടർന്നും ആവശ്യപ്പെടുന്നതാണ്. അതിനുവേണ്ടി പ്രത്യേകശ്രമം നടത്തും എന്നും പറയാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട സുനിൽകുമാറിവിടെ പറഞ്ഞ കാര്യങ്ങളൊക്കെ ഗൗരവത്തോടുകൂടി കാണുന്നു. 35 കൊല്ലമായി റിപ്പയേഴ്സ് നടത്താത്തതിന് ഞങ്ങളെ മാത്രം കുറ്റപ്പെടുത്തരുത് എന്നു മാത്രമേ പറയുന്നുള്ളൂ. സുനാമി ഫണ്ട് ചെലവഴിക്കുന്നതിന് അവസരം കിട്ടിയത് നിങ്ങൾക്കാണ്; ചെലവഴിച്ചിട്ടുമുണ്ട്. എല്ലാത്തിനും പരിമിതികൾ വരുന്നു. കാര്യങ്ങളുടെ ഗൗരവം പൂർണ്ണമായി ഉൾക്കൊള്ളുന്നു അതനുസരിച്ചിട്ടുള്ള എല്ലാവിധ പ്രവർത്തനങ്ങളും

ഉണ്ടാകും, പ്രതിപക്ഷത്തിന്റെ പൂർണ്ണമായ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇന്ന് പൊതുഭരണത്തിനെക്കുറിച്ചുള്ള ചർച്ച നടക്കുന്നതുകൊണ്ട് സഭ നിർത്തിവച്ചു ചർച്ച ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടാണുള്ളത്. അത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ആൾ പാർട്ടി മീറ്റിംഗ് കൂടണം എന്നുള്ള നിർദ്ദേശമുണ്ടെങ്കിൽ അതിനു ഗവൺമെന്റ് തയ്യാറാണ്. എല്ലാ കാര്യങ്ങളെക്കുറിച്ചും പ്രതിപക്ഷത്തിന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടുള്ള നടപടിയായിരിക്കും സ്വീകരിക്കുന്നത്. സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ളത് പൊതുഭരണത്തിന്റെ ചർച്ച നടക്കുന്നതുകൊണ്ട് ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മി. സ്പീക്കർ: ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, തീരപ്രദേശത്തെ പാവപ്പെട്ട ജനങ്ങൾ എന്നും ആശങ്കയുടെയും കണ്ണുനീരിന്റെയും നിഴലിൽ കഴിയുകയാണ്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കലിതുള്ളുന്ന കടലിനെ ആശ്രയിക്കുന്നവരാണ് അവർ. പട്ടിണിയിലും അനിശ്ചിതത്വത്തിലും ജീവിതം തള്ളിനീക്കുന്ന ഈ പാവപ്പെട്ട തീരദേശവാസികളെ ഇപ്പോഴുണ്ടായിട്ടുള്ള കടലാക്രമണം തകർത്തിരിക്കുകയാണ്. വറചട്ടിയിൽ നിന്നും എരിതീയിലേയ്ക്ക് എടുത്തെറിയപ്പെട്ട സ്ഥിതിയിലാണ് ഈ പാവപ്പെട്ട മനുഷ്യർ. തീരദേശത്ത് കടലാക്രമണവും കെടുതികളും ഉണ്ടാകുമ്പോൾ മാത്രം അതേപ്പറ്റി ചർച്ച ചെയ്യുകയും ഏറെ താമസിയാതെ തന്നെ അത് വിസ്മൃതിയിലാകുകയും ചെയ്യുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. എല്ലാ വർഷവും കടലാക്രമണവും ദുരിതങ്ങളും തീരദേശത്തെ ജനതയെ കാർന്നു

തിന്നുന്നതാണ്. എന്നാൽ ഇതിന് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയുന്ന തരത്തിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്തതാണ് പ്രധാന കാരണം, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വളരെ ദീർഘവീക്ഷണത്തോടുകൂടി ഇക്കാര്യം കൈകാര്യം ചെയ്യാൻ നടപടിയെടുത്തതാണ്. 560 കിലോമീറ്റർ കടൽത്തീര മുണ്ട്. ഈ മേഖലയിൽ ജീവിതത്തിനും തൊഴിലിനും ഒരു സുരക്ഷിതത്വവും ഇല്ലാതെ ദശലക്ഷക്കണക്കിന് പാവപ്പെട്ട മനുഷ്യരാണ് തിങ്ങിപ്പാർക്കുന്നത്. ഇവർക്കു സുരക്ഷിതത്വം ഏർപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് എൽ. ഡി.എഫ്. സർക്കാർ കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ ആവിഷ്കരിച്ചത്. ഇതിനായി മദ്രാസ് ഐ.ഐ.റ്റി.യിലെ വിദഗ്ദ്ധരെക്കൊണ്ട് പഠനം നടത്തുകയും ആവശ്യമായ സ്ഥലങ്ങളിലെല്ലാം പുലിമുട്ടുകളും കടൽ ഭിത്തി കളും നിർമ്മിക്കുകയെന്നതുമാണ് ഇതിന് പോംവഴിയായി നിർദേശിക്കപ്പെട്ടത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഒരു നടപടിയും സ്വീകരിക്കാൻ ഈ സർക്കാർ തയ്യാറായിട്ടില്ല. ഇതുമൂലം കടലോര നിവാസികൾ പട്ടിണിയിലും ദുരിതത്തിലും നീന്തിത്തുടിക്കുന്ന അവസ്ഥയാണ്. കേരളത്തിന് വിദേശ നാണ്യം നേടിത്തരുന്നതിൽ വളരെ നിർണ്ണായകമായ പങ്കുവഹിക്കുന്നവരാണ് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ. അവരുടെ ദുരിതങ്ങളും കെടുതികളും കണ്ടില്ലെന്ന് നടിക്കുന്നത് ഒരു ജനാധിപത്യ ഗവൺമെന്റിന് ഭൂഷണമല്ല. ഇപ്പോൾ ട്രോളിംഗ് നിരോധനം നിലവിൽ വന്നതോടുകൂടി അക്ഷരാർത്ഥ ത്തിൽ തീരദേശവാസികൾ പട്ടിണിയും പരിവട്ടവുമായി കഴിയുകയാണ്. ഇത് കണക്കിലെടുത്ത് അടിയന്തരമായി തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ഒരു മാസത്തേയ്ക്കെങ്കിലും സൗജന്യ റേഷൻ പ്രഖ്യാപിക്കണം. കടലാക്രമണ ത്തെത്തുടർന്ന് തീരദേശവാസികളെ മാറ്റിപാർപ്പിക്കുന്ന കേന്ദ്രങ്ങളിൽ

യാതൊരു സൗകര്യവുമില്ലെന്ന വ്യാപകമായ പരാതിയുണ്ട്. ഇവിടങ്ങളിൽ പകർച്ചവ്യാധി പടർന്നുപിടിക്കാനുള്ള സാധ്യതയുമുണ്ട്. കടലാക്രമണത്തിൽ ജീവിതം ഒടുങ്ങിയാലും ഇത്തരം ദുരിതാശ്വാസ കേന്ദ്രങ്ങളിലേയ്ക്ക് പോകാൻ കഴിയില്ലെന്നാണ് തീരദേശവാസികൾ പറയുന്നത്. അത്രയ്ക്ക് ദുരിതപൂർണ്ണമാണ് ദുരിതാശ്വാസ കേന്ദ്രങ്ങളുടെ അവസ്ഥ. അതുകൊണ്ട് മാറ്റിപാർപ്പിക്കുന്ന കേന്ദ്രങ്ങൾ വാസയോഗ്യമാക്കാൻ വേണ്ടതെല്ലാം ചെയ്യണം. ഇവിടങ്ങളിൽ ഭക്ഷണവും മരുന്നും മറ്റ് സൗകര്യങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ ഏർപ്പെടുത്തണം. ദുരിതബാധിതർക്ക് ആശ്വാസ നടപടികൾ ഉറപ്പാക്കാൻ റവന്യൂ-ആരോഗ്യ-ഫിഷറീസ്-തദ്ദേശസ്വയംഭരണം തുടങ്ങിയ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം കുറ്റമറ്റ രീതിയിലാക്കണം. ഇതോടൊപ്പം നേരത്തെ പറഞ്ഞതുപോലെ കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കണം. എന്നാൽ ഈ വക കാര്യങ്ങളൊന്നും സർക്കാർ ചെയ്യുന്നില്ലെന്നുമാത്രമല്ല, ഈ പ്രശ്നം സഭ നിറുത്തിവച്ച് ചർച്ച ചെയ്യാൻ പോലും സർക്കാർ കൂട്ടാക്കുന്നില്ല. സർക്കാരിന്റെ ഈ നിഷേധാത്മകമായ നിലപാടിൽ ശക്തമായി പ്രതിഷേധിക്കാതിരിക്കാൻ സാധിക്കില്ല. ഇതിനായി 18 കോടി രൂപ കളക്ടർമാർക്ക് കൊടുത്തിരിക്കുന്നുവെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. തീരദേശത്തെ 8, 9 ജില്ലകളെ കൂട്ടിയാൽ തന്നെ രണ്ടുകോടി രൂപ വീതം ഓരോ ജില്ലയിലും ചെലവാക്കാൻതക്ക വിധത്തിൽ കൊടുത്തുവെന്നാണ് പറയുന്നത്. എന്നാണ് കൊടുത്തത്; എന്നുമുതലാണ് തീരപ്രദേശത്തെ ജനങ്ങൾക്ക് സൗജന്യ റേഷൻ നൽകുന്നത്; കിഴക്കൻ മേഖലയിലെ ജില്ലകളിൽ ഈ പണം ഇപ്പോൾ അടിയന്തരമായി ചെലവാക്കേണ്ട കാര്യമില്ല. തീരപ്രദേശങ്ങളിലേയ്ക്ക് ഉള്ളതിനാണ് കേന്ദ്രീകരണം വേണ്ടത്. ആ തീര

പ്രദേശങ്ങളിൽ ഓരോ ജില്ലയിലും അവിടത്തെ ജനപ്രതിനിധികൾ അടക്കമുള്ളവരുടെ, കളക്ടർ സെക്രട്ടറിയായുള്ള ഒരു കമ്മിറ്റി സംഘടിപ്പിച്ച് ഗവൺമെന്റ് എന്നുമുതൽ സൗജന്യ റേഷൻ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് പറയുകയും വീട് നഷ്ടപ്പെട്ടവർക്ക് ഉടനടി തന്നെ വീട് റിപ്പർ ചെയ്തോ പുതിയ വീട് കൊടുക്കുന്നതിനോ ഉള്ള നടപടി എപ്പോൾ മുതൽ ആരംഭിക്കണമെന്ന് പറയുകയും ആ തരത്തിലുള്ള തീർച്ചമൂർച്ചയോടുകൂടിയുള്ള ഒരു നിർദ്ദേശം വകുപ്പുമന്ത്രി മാത്രമല്ല, മുഖ്യമന്ത്രിയുടെ മറുപടിയിലും വന്നില്ല. അതാണ് കഷ്ടം. അതുകൊണ്ട് ആ തരത്തിൽ തീർച്ചമൂർച്ചയൊടുകൂടി, സഭ നിറുത്തിവച്ച് ഭരണപ്രതിപക്ഷാംഗങ്ങളുടെ അഭിപ്രായം കേട്ടിട്ട് ഒരു തീരുമാനം എടുക്കുകയെന്നുള്ളതായിരുന്നു വേണ്ടിയിരുന്നത്. അത് ചെയ്യാൻ ഇപ്പോൾ ബുദ്ധിമുട്ടുണ്ടെന്ന് പറയുന്നു. ആ ബുദ്ധിമുട്ട് എന്താണെന്ന് മനസ്സിലായില്ല. സമ്മതമില്ലായ്മ മാത്രമാണ്. ഏതായാലും ഈ പ്രശ്നത്തെ സീരിയസ്സായി കാണുന്നുവെന്ന് വ്യക്തമാകാൻവേണ്ടി ഏത് തീയതി മുതൽ സൗജന്യ റേഷൻ, ഏകദേശം ഏത് പിരീഡിനുള്ളിൽ പുലിമുട്ട് കെട്ടുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കും, അതുപോലെ ആരോഗ്യ സംരക്ഷണ നടപടികൾ സ്വീകരിക്കും ഇതുപോലുള്ള വ്യക്തമായൊരു നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകാത്തതുകൊണ്ട് ഇതിനെ ശക്തമായി പ്രതിഷേധിക്കേണ്ടി വരികയാണ്. ഞങ്ങൾക്ക് വാക്കൗട്ട് ചെയ്യേണ്ടിവരികയാണ്. ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, കടലാക്രമണത്തിൽ ഏറ്റവും കൂടുതൽ പരിക്കേറ്റ ഒരു മണ്ഡലമാണ് കരുനാഗപ്പള്ളി. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെയുണ്ടായിരുന്നു. അദ്ദേഹത്തോട് നേരിട്ട് പരാതികൾ പറഞ്ഞതാണ്. സുനാമിയുടെ ഫലമായി 132 ആളുകൾ മരണമടഞ്ഞൊരു സ്ഥലമാണ് കരുനാഗപ്പള്ളി. അദ്ദേഹത്തിന് നേരിട്ടറിയാവുന്ന കാര്യമാണ്. കരുനാഗപ്പള്ളി എന്റെ മണ്ഡലമായതുകൊണ്ട് ദുരിതമന്വേഷിക്കാൻ പോയെങ്കിലും അവിടെ നിന്ന് കഷ്ടിച്ചാണ് രക്ഷപ്പെട്ടത്. ആളുകൾ ജനപ്രതി നിധികളെയും മന്ത്രിമാരെയും അവിടെ വളഞ്ഞുവയ്ക്കുകയാണ്. പിന്നീട് പത്രം വായിച്ചപ്പോഴാണ് ആഭ്യന്തര വകുപ്പുമന്ത്രിയും കഷ്ടിച്ചാണ് അവിടെ നിന്നും രക്ഷപ്പെട്ടിരിക്കുന്നതെന്ന് മനസ്സിലായത്. ആരോഗ്യ വകുപ്പുമന്ത്രി അവിടെ പോയി നല്ല വാക്കുകളൊക്കെ പറഞ്ഞ് അവിടെ നിന്നു രക്ഷപ്പെട്ടു. ഇനി അവിടേയ്ക്ക് പോകാൻ പറ്റില്ല. യഥാർത്ഥ വസ്തുത എന്താണ്? ഒരു മണി അരിപോലും സൗജന്യ റേഷനായി ഇന്നുവരെ കൊടുത്തിട്ടില്ല. എന്താണ് ഈ സഭയിൽ പറയുന്നത്? പത്ത് പൈസ പോലും ഇന്നുവരെ ആർക്കും ആനുകൂല്യം കൊടുത്തിട്ടില്ല. ഒരു മെഡിക്കൽ ക്യാമ്പ് അവിടെ യെങ്ങും നടന്നിട്ടില്ല. യാതൊരു കാര്യവും നടന്നിട്ടില്ല. ചേർത്തല, അമ്പല പ്പുഴ, ആലപ്പുഴ, ഹരിപ്പാട് എന്നീ മേഖലകളിൽ കടലാക്രമണം തുടങ്ങിയിട്ട് ഒന്നരമാസമായി. യാതൊരു നടപടിയും എടുത്തിട്ടില്ല. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് ഇതെല്ലാം അറിയാവുന്നതാണ്. ശാസ്ത്രീയമായി ശാശ്വത മായി ലോകാവസാനം വരെ കടലാക്രമണം ഉണ്ടാകാതിരിക്കുവാനുള്ള കാരണം അദ്ദേഹം പറഞ്ഞു. അത് പുലിമുട്ടിടുക എന്നുള്ളതാണ്. പുലിമുട്ടിടാ നുള്ള ബൃഹത്തായൊരു പദ്ധതി കേന്ദ്രത്തിന് അയച്ചിരിക്കുകയാണ്. പഴയ

കേന്ദ്രമല്ല ഇപ്പോഴെന്നുള്ള കാര്യം ഓർമ്മ വേണം. പഴയ കേന്ദ്രമാണെന്നു വിചാരിച്ചാണ് ഇതെല്ലാം കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നത്. കേന്ദ്രത്തിൽ മാറ്റം വന്നതുപോലും അറിയാതെ ഇതെല്ലാം കേന്ദ്രത്തിലേയ്ക്ക് അയച്ചാൽ ഉടൻതന്നെ പുതിയ പ്രധാനമന്ത്രി ഇതൊക്കെ ഒപ്പിട്ട് കേരളത്തിന് പുലിമുട്ട് അനുവദിച്ചിരിക്കുന്നുവെന്ന് പറയുമോ: കിട്ടുമോ? കിട്ടില്ലെന്നുമാത്രമല്ല, കേരളം വളരെ ഗുരുതരമായൊരവസ്ഥയിലേയ്ക്ക് പോവുകയാണ്. അതു കൊണ്ട് പുലിമുട്ടിട്ട് പരിഹാരം കണ്ടേക്കാമെന്ന് കരുതണ്ട. കരുനാഗപ്പള്ളി യിൽ നടന്നതെന്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്ന ദിവസം അവിടെ കുറച്ച് പുലിമുട്ടിട്ടു. അതിന്റെ ഫലമായി ആ ഏരിയ മുഴുവൻ തകർന്നു പോയി. വേറെ ഒരിടത്തും പുലിമുട്ടിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് ശരിയാണ്. പുലിമുട്ടിട്ടപ്പോൾ വളരെയേറെ സന്തോഷിച്ചെ ങ്കിലും ആ പുലിമുട്ടിട്ടത് അവിടെ അവസാനിച്ചു. ബാക്കിയുള്ള തീരം മുഴു വൻ കടലെടുത്തു. ഇപ്പോൾ അവിടെ റോഡില്ല. ആ പ്രദേശത്തുമാത്രം 132 കുടുംബങ്ങൾ വഴിയാധാരമാണ്. അതുപോലെ തന്നെയാണ് മറ്റെല്ലാ സ്ഥല ങ്ങളിലും അവർക്ക് താമസിക്കാൻ സ്ഥലമില്ല. അവർ ഇനി എങ്ങോട്ട് പോക ണം. ശ്രീ. കെ. എം. മാണിയുടെ കീഴിലുള്ള ധനകാര്യ വകുപ്പ് മുൻകൈയെടു ക്കാതെ ഈ പ്രശ്നങ്ങൾക്കൊരു പരിഹാരമുണ്ടാക്കാൻ സാധിക്കുകയില്ല. ഇതിനായി 139 കോടി രൂപ അനുവദിച്ചുവെന്ന് റവന്യൂ വകുപ്പുമന്ത്രി പറഞ്ഞു. ഒരു പൈസപോലും ഇന്നുവരെ അവിടെ കിട്ടിയിട്ടില്ല. ഇന്നലെ ബഹുമാന പ്പെട്ട മുഖ്യമന്ത്രി അവിടെ വന്നതിനുശേഷം കൊല്ലം കളക്ടറെ വിളിച്ചപ്പോൾ ഗവൺമെന്റിൽ നിന്നും തുകയൊന്നും വന്നിട്ടില്ല, അടിയന്തരമായി വരുമെ ന്നാണ് പറഞ്ഞത്.

ഇക്കാര്യത്തിൽ എം.എൽ.എ.മാരായ ഞങ്ങൾ എന്ത് ചെയ്യണം? നിങ്ങളുടെ ചീഫ് എഞ്ചിനീയറെയും എക്സിക്യൂട്ടീവ് എഞ്ചിനീയറെയും കളക്ടറെയും തഹസീൽദാരെയും വിളിക്കുന്നു. എല്ലാവരുമായും പോകുന്നു. പക്ഷേ ഒന്നും ചെയ്യാൻ കഴിയുന്നില്ല. ജനങ്ങൾ കൈവയ്ക്കാൻ നിൽക്കുകയാണ്. എല്ലാവരുടേയും പ്രശ്നമല്ലേ ഇത്? പ്രശ്നത്തിന് പരിഹാരം കാണാതെ ഞങ്ങളുടെ കാലത്ത് നടന്നതാണ്, നിങ്ങളുടെ കാലത്ത് നടന്നതാണ് എന്നൊക്കെ ഇപ്പോൾ പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? കടൽ കയറിക്കൊണ്ടിരിക്കുമ്പോഴും നിങ്ങളുടെ കാലത്ത് നടന്നതാണെന്നാണ് പറയുന്നത്. ആരുടെ കാലത്താണ് നടന്നതെന്നത് സംബന്ധിച്ച് കടലിന് വല്ലതും അറിയാമോ? കടൽ പലരുടെയും വീടുകളെയും ആളുകളെയും കൊണ്ടുപോകുകയാണ്. കടൽക്കരയിലെ അവരുടെ ജീവിതം ദുരിതസമ്പൂർണ്ണമാണ്. അതുകൊണ്ട് സൗജന്യ റേഷൻ ഇന്ന് വിതരണം ചെയ്യുന്നതിനുള്ള ഓർഡർ ഇടണം. ആ ഒരു കാര്യമെങ്കിലും ചെയ്തുകൊടുത്താൽ ഞങ്ങളെല്ലാം കടലാക്രമണ ഭീഷണി നേരിട്ട സ്ഥലങ്ങൾ പോയിക്കണ്ടതിന്റെ ഫലമായി സൗജന്യ റേഷൻ അനുവദിച്ചുകിട്ടി എന്നുള്ള ചെറിയൊരാശ്വാസം അവിടത്തെ ജനങ്ങൾക്ക് കിട്ടും. അവിടെ മെഡിക്കൽ ക്യാമ്പ് സംഘത്തെ അയയ്ക്കാൻ എന്താണ് കുഴപ്പം? മെഡിക്കൽ ക്യാമ്പിലെ സംഘങ്ങൾ അവിടെ പോയി ദുരിതം അനുഭവിക്കുന്ന ആളുകളെ പരിശോധിച്ച് അവർക്കുവേണ്ട ചികിത്സ കൊടുത്തില്ലെങ്കിൽ ഗുരുതരമായ സ്ഥിതിവിശേഷമായിരിക്കും സംജാതമാവുക. പതിനായിരക്കണക്കിന് ആളുകൾക്ക് പനി പടർന്നുപിടിക്കുകയാണ്. അത് ചെയ്യുന്നതിന് നിങ്ങൾക്ക് യാതൊരു തടസ്സമില്ല. റവന്യൂ വകുപ്പുമന്ത്രി, ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ജോലി എന്താണ്; നിങ്ങൾ ഇത് വല്ലതും അറിഞ്ഞോ? ഡിസാസ്റ്റർ എന്നുപറഞ്ഞാൽ വലിയ പ്രകൃതിദുരന്തമല്ലേ?

അതിൽ പ്രതിരോധിക്കാനുള്ളതല്ലേ ഈ വകുപ്പ്? ഇക്കാര്യത്തിൽ നിങ്ങൾ ഒരു നടപടിയും എടുക്കുന്നില്ല. ഫിഷറീസ് വകുപ്പുമന്ത്രി, നിങ്ങൾ ട്രോളിംഗ് നിരോധനം നടത്തി, കടൽ കയറ്റവും നടത്തി. മത്സ്യത്തൊഴിലാളി എന്ത് ചെയ്യണം? ട്രോളിംഗ് നിരോധനം, കടലിൽ പോകുവാൻ നിവൃത്തിയില്ല.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മെഡിക്കൽ ക്യാമ്പുകൾ ഉള്ള സ്ഥലത്ത് മെഡിക്കൽ ടീം ഓരോ ദിവസവും രണ്ട് പ്രാവശ്യം സന്ദർശിക്കണം. അതിനുവേണ്ട നടപടികളെടുക്കണമെന്ന നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: ഞാൻ സ്വാഗതം ചെയ്തു. നിങ്ങൾ എല്ലാ നിർദ്ദേശവും കൊടുക്കുന്നു. പക്ഷേ ഒരു മെഡിക്കൽ ടീമും വന്നില്ല, വരുന്നില്ല, മൂവ് ചെയ്യുന്നില്ല. ഇവിടെ നടപടി വരാത്തതിനുള്ള കാരണമെന്താണ്? ഫിഷറീസ് വകുപ്പിൽനിന്ന് കടലിൽ പോകാൻ പറഞ്ഞാൽ എങ്ങനെയാണ് കടലിൽ പോകുന്നത്? കടലിൽ പോകാൻ കഴിയില്ലെന്ന് നിങ്ങൾക്കുതന്നെ അറിയാമല്ലോ? കടലിൽ പോകണമെങ്കിൽ മണ്ണെണ്ണ വേണം. മണ്ണെണ്ണ ഇല്ലാത്തതുകൊണ്ട് കടലിൽ പോകാൻ കഴിയുന്നില്ല. ട്രോളിംഗ് നിരോധനം, കടലാക്രമണം, മത്സ്യത്തൊഴിലാളികൾക്ക് ഗതിയില്ല, മത്സ്യത്തൊഴിലാളി ക്ഷേമനിധിയോ വായ്പകളോ ഒന്നും കിട്ടുന്നില്ല. റവന്യൂ റിക്കവറി നടക്കുന്നു, ആ രീതിയിലും പീഡനമാണ്. തീരപ്രദേശത്ത് അതീവ ഗുരുതരമായതും സ്ഫോടനാത്മകവുമായ അവസ്ഥയാണുള്ളത്. അവരെ വിശ്വാസത്തിലെടുത്തില്ലെങ്കിൽ അങ്ങ് പറഞ്ഞതുപോലെ തീരപ്രദേശങ്ങൾ ഗുരുതരമായ പല സംഭവങ്ങളുടെയും കേന്ദ്രമാകും. അവർക്ക് നീതി കിട്ടണം. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇന്നുതന്നെ വീഡിയോ കോൺഫറൻസിൽ താങ്കൾ കാസർഗോഡ് മുതൽ ഇങ്ങോട്ടുള്ള കളക്ടർമാരോട് റിപ്പോർട്ട് ചോദി

ക്കുക. ഒന്നും ചെയ്തിട്ടില്ല. ഒരു ഫണ്ടും പോയിട്ടില്ല, ഫണ്ട് ഡിസ്ട്രിബ്യൂഷനില്ല, ആർക്കും കിട്ടുന്നില്ല. ഇതാണ് ഇവിടത്തെ അവസ്ഥ. ഇത് വിശദമായി ചർച്ച ചെയ്യാൻ കഴിയാതെ പോയത് നിർഭാഗ്യകരമാണ്. ഇന്ന് പൊതുചർച്ചയുള്ളതുകൊണ്ടാണ് അടിയന്തരപ്രമേത്തിന് അനുമതി നൽകാത്തതെന്ന് അങ്ങ് പറഞ്ഞു. പൊതു ചർച്ചയല്ലെങ്കിലും അങ്ങ് ഒരു അടിയന്തരപ്രമേയവും അനുവദിക്കില്ല. ഈ അടിയന്തരപ്രമേയമെങ്കിലും അനുവദിക്കുമെന്ന് വിചാരിച്ചു. അനുവദിച്ചില്ല. ചർച്ച ചെയ്യാൻ കഴിയുന്നില്ല. പ്രതിഷേധമാണ്. ഞങ്ങളുടെ പ്രതിഷേധത്താലെങ്കിലും ഈ ഗവൺമെന്റിന്റെ എല്ലാ മെഷിനറിയും നിങ്ങൾ തീരപ്രദേശത്തിലേയ്ക്ക് മാറ്റണം. അതെങ്കിലും ചെയ്യുക. നിങ്ങളുടെ ഈ നിലപാടിൽ ശക്തമായ പ്രതിഷേധമുള്ളത് ഞാൻ രേഖപ്പെടുത്തുന്നു. ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. സി.കെ. നാണു</u>: സർ, മിനിഞ്ഞാന്ന് വടകര മുനിസിപ്പാലിറ്റിയിൽ കോൺഗ്രസ്സ് (ഐ) കൗൺസിലറിന്റെ നേതൃത്വത്തിൽ പത്തുനൂറിലധികം സ്ത്രീകൾ നാഷണൽ ഹൈവേ പിക്കറ്റ് ചെയ്തു. ഞാൻ വേറൊരു സ്ഥലത്തായിരുന്നു. പോലീസ് അവരെ അറസ്റ്റ് ചെയ്യാൻ വന്ന അവസരത്തിലാണ് ഞാൻ അവിടെ എത്തിയത്. ഞാനും മറ്റ് സഹപ്രവർത്തകരും എല്ലാ കക്ഷിക്കാരും ഞങ്ങൾ ഒരുമിച്ചുചേർന്ന്, ഞാൻ യഥാർത്ഥത്തിൽ കരഞ്ഞുകൊണ്ട് അവരോട് സംസാരിച്ചതിന്റെ ഫലമായിട്ട്, അതിലേയ്ക്ക് പോകുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മന്ത്രിയെ വിളിച്ച് കാര്യങ്ങൾ പറഞ്ഞു. അതിനുശേഷം അവരെ അവിടെ നിന്ന് മാറ്റി. വളരെ ഭയപ്പാടാണ്. വടകര മുനിസി

പ്പാലിറ്റിയുടെ താഴെയങ്ങാടിയിലെ കടൽപ്പുറം ഭാഗത്തുള്ള ചോറോട് പഞ്ചായത്ത്, ഒഞ്ചിയം പഞ്ചായത്ത്, ആയൂർ പഞ്ചായത്ത് എന്നിവിടങ്ങളിലാണ് എല്ലാ കക്ഷികളുടെ പ്രവർത്തകരും നേതാക്കന്മാരും ഒത്തുചേരുന്നത്. രാത്രി 9 മണിക്ക് കടപ്പുറം വഴി പോകാനായാണ് ഇന്നലെ വൈകുന്നേരത്തെ വണ്ടിക്ക് വരുന്നത് ഞാൻ മാറ്റിവച്ചത്. വളരെ ദയനീയമാണ് അവിടത്തെ സ്ഥിതി. ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിച്ചിട്ട് അനുവദിച്ചുതരുന്നു, പക്ഷേ ഒന്നും നടക്കുന്നില്ല. ഈ 3 കൊല്ലത്തിനിടയിൽ നമുക്ക് ആവശ്യമുള്ളത്ര റിപ്പയറിന് ആവശ്യപ്പെട്ടു. അനുവദിച്ചുവെന്ന് എന്നോട് പറഞ്ഞു. പക്ഷേ ഒന്നും ലഭിച്ചിട്ടില്ല. മത്സ്യത്തൊഴിലാളി മേഖലയിൽ ഇന്ന് വലിയ പ്രതിസന്ധിയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമല്ലോ? മഴ ഒന്ന് ശക്തി പ്രാപിക്കട്ടെ, അക്വിഡക്റ്റ് പൊട്ടിയിട്ട് ആരുടെയോ തലയിൽ വീണു. അതിന് ഞാനും ആശുപത്രിയിൽ പോകുന്നു, മറ്റ് രാഷ്ട്രീയക്കാരും പോകുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി കോഴിക്കോട് കളക്ടറേറ്റിൽവന്ന് സംസാരിച്ച അവസരത്തിൽ അവിടെ വച്ച് ഒരു സംഖ്യ പ്രഖ്യാപിച്ചു. കഴിഞ്ഞ സഭയിൽ ഞാൻ ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്ന അവസരത്തിലും ബഹുമാനപ്പെട്ട മന്ത്രി 6 കോടി രൂപ പ്രഖ്യാപിച്ചു. 50 ലക്ഷം രൂപ പോലും അവിടെ പ്രാവർത്തികമാക്കാൻ സാധിച്ചില്ല. വെറുതെ ഇവിടെനിന്ന് പറയുന്നതുകൊണ്ട് ഫലമില്ല. ജനങ്ങൾ ഭീതിയിലാണ്. ഈ ചർച്ച വളരെ ഗൗരവമായി കാണുന്നത് കടൽപ്പുറത്തുകാരാണ്. നമ്മൾ അവരോട് റേഷൻ അരി തരാം, പോയി വാ എന്നുപറയുന്ന രീതി ശരിയായ രൂപത്തിലുള്ളതല്ല. സ്ത്രീകളടക്കം പലരും പറയുകയാണ്. ജീവിക്കുക എന്നതാണ് ഞങ്ങളുടെ ആവശ്യം. വെള്ളമടിച്ചുകയറുന്ന വീടുകളിൽനിന്ന് പഴയതുപോലെ മാറാൻ കുടുംബങ്ങൾ തയ്യാറല്ല. ഈ ഭീതിജനകമായ അന്തരീക്ഷ

ത്തിന് നമ്മൾ ഒരു സാധാരണ രീതി അവലംബിച്ചാൽ പോര. ഇവിടെ ഇരുന്ന് സാധാരണ ഒരു പ്രശ്നത്തെ സംബന്ധിച്ച് സംസാരിക്കുന്നതുപോലെ, അടിയന്തരപ്രമേയം ഒന്നുകിൽ അനുവദിക്കും അല്ലെങ്കിൽ അനുവദിക്കില്ല, പിന്നെ ഞങ്ങൾ ഇറങ്ങിപ്പോകും. അങ്ങനെയല്ല, വളരെ ഗൗരവമായി കടൽപ്പുറത്തേയ്ക്ക് സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യമായ എല്ലാ മെഷിനറിയും എത്തിക്കണം. അടിച്ചുവരുന്ന തിരമാലയുടെ സൈഡിൽ കുട്ടികളെയും പിടിച്ച് നിൽക്കുന്ന സ്ത്രീകളെ ഞങ്ങൾ കാണുന്നു. മതവിശ്വാസമില്ലാത്ത കുറെ പാവങ്ങൾ ദേവാലയങ്ങളിൽപ്പോകുന്നു, പള്ളികളിൽ പോകുന്നു. കാരണം നമ്മളെപ്പോലെയുള്ള എം.എൽ.എ.മാരെക്കൊണ്ട് പ്രധാനമായവ ഒന്നും സാധിക്കുന്നില്ല, ഇനി ദൈവമെങ്കിലും സഹായിക്കട്ടെ. ആ ഒരു വേദനയിലേയ്ക്ക് ജനങ്ങളെ എത്തിക്കരുത്. അതുകൊണ്ട് ഒരു ഗവൺമെന്റ് എന്നുള്ള നിലയ്ക്ക് ഗവൺമെന്റ് മെഷിനറികൾ ഉപയോഗിച്ച് സഹായം വേണ്ട സമയത്ത് കടപ്പുറത്തുകാരെ സഹായിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നതാണ് എന്റെ അഭ്യർത്ഥന. രാഷ്ട്രപതി ഭരണമാണെങ്കിലും ഏത് ഭരണമാണെങ്കിലും ഒരു ഗവൺമെന്റിന് അവിടത്തെ ജനങ്ങളെ സംരക്ഷിക്കേണ്ട ചുമതലയുണ്ട്. ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അവർ സൗകര്യമായി വരുന്നു, ഗവൺമെന്റ് ഒരു സംഖ്യ കൊടുക്കുന്നു. അവർ കോൺട്രാക്ടർമാരെ വിളിക്കുന്നു. അതൊക്കെ വളരെ രസകരമായ രൂപത്തിൽ നടക്കുന്നു. അപ്പോഴേയ്ക്കും മഴ വരുന്നു, സുനാമി പോലത്തെ തിരമാലകൾ വരുന്നു. ജനങ്ങൾ ഭയപ്പാടിലാണ്. അതുകൊണ്ട് അവരെ സംരക്ഷിക്കണം. കടലോര മേഖലയിലെ കടലാക്രമണ ഭീഷണി ശ്രദ്ധിക്കാനുള്ള ബാദ്ധ്യത ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിക്കും, ഫിഷറീസ് വകുപ്പു

മന്ത്രിക്കും റവന്യൂ വകുപ്പുമന്ത്രിക്കുമാണ്. നിങ്ങളെല്ലാവരും ഒരുമിച്ചുചേർന്നു കൊണ്ട് ഇന്നുതന്നെ ഒരു ഫയർ ബ്രിഗേഡ് എന്നുള്ള നിലയ്ക്കുള്ള നീക്ക ങ്ങൾ നടത്തണം. അതിനെ സംബന്ധിച്ച് ഒരു ചർച്ച നടത്തിയാൽ ആ ഭാഗ ത്തുള്ള എന്നേക്കാളും വിഷമതകൾ അനുഭവിക്കുന്ന കടലോരത്തുള്ള എം.എൽ.എ.മാരുണ്ട്. എം.എൽ.എ. മാർക്ക്, ഭരണകക്ഷി എന്നുള്ള നിലയ്ക്ക് രേഖാപരമായി ബഹുമാനപ്പെട്ട മന്ത്രിമാർക്ക് എഴുതിക്കൊടുക്കാൻ മാത്രമേ സാധിക്കൂ. പക്ഷേ അവർക്ക് പറയാൻ സാധിക്കാത്ത ഒരു സാഹചര്യമുണ്ട്. ഒരു പൊതുചർച്ച ആകാമായിരുന്നു. അതിൽ സർക്കാരിന്റെ വിമർശനമല്ല. കഴിഞ്ഞ കൊല്ലം ഞാൻ കണ്ട കടൽഭിത്തികളൊന്നുംതന്നെ ഇപ്പോൾ അവിടെ ഇല്ല, താഴ്ന്നുതാഴ്ന്ന് പോകുന്നു. ഒരു ഭീകര അന്തരീക്ഷം നമ്മുടെ കടലോ രത്തെ ആക്രമിക്കുകയാണ്. അത് ഉടനെ ശാസ്ത്രീയമായി പഠിക്കണം. ജന ങ്ങളെ ഏത് രൂപത്തിൽ മാറ്റിത്താമസിപ്പിക്കണം എന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇന്ന് ദുരിതാശ്വാസകേന്ദ്രത്തിലേയ്ക്ക് പോകാ നൊന്നും ആരും തയ്യാറല്ല. നിങ്ങൾക്ക് റേഷൻ തരാമെന്ന് പറഞ്ഞാൽ അതിലും അവർ തൃപ്തരല്ല. കടലോര പ്രദേശങ്ങളിൽ കടലാക്രമണ ഭീഷണി വന്നിട്ട് നമ്മൾ സംരക്ഷിക്കുന്നില്ല എന്നതാണ് മത്സ്യത്തൊഴിലാളികളുടെ പരാതി. ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയും അതുപോലെ ഇത് കൈകാര്യം ചെയ്യാനുള്ള മന്ത്രിമാരും ഇന്നു തന്നെ, അതിന് സമയമെടുക്കേണ്ട, ഇവിടെ ചർച്ച നടക്കുന്ന അവസരത്തിലാ ണെങ്കിൽപ്പോലും ഏതെങ്കിലും തരത്തിൽ ഈ പ്രശ്നം ചർച്ച ചെയ്ത് അടിയ ന്തരമായി ഒരു പരിഹാരം കാണണം. കളക്ടറെയും ഇക്കാര്യത്തിൽ പങ്കെടു പ്പിക്കണം. ഇവർ പാവപ്പെട്ട മത്സ്യത്തൊഴിലാളികളാണ്. വലിയ സീരിയസ്സാ യി നമ്മുടെ മുമ്പിൽ വിഷയം എത്തിക്കാനുള്ള വലിയ പ്രഗത്ഭന്മാർ അവിടെ

യില്ല. കടലിൽപ്പോകുന്ന മുക്കുവരും അവരുടെ കുടുംബവുമാണ്. അവരുടെ വേദനകൾ ശരിയായ അർത്ഥത്തിൽ എത്തിക്കാൻ നമ്മളെപ്പോലെയുള്ള ജനപ്രതിനിധികൾക്ക് സാധിച്ചില്ലെങ്കിൽ വേറെ ആർക്ക് സാധിക്കും? അതുകൊണ്ട് അടിയന്തരമായി പുലിമുട്ട് നിർമ്മിക്കണം. പുലിമുട്ടാണ് ശാസ്ത്രീയമായി നല്ലതെന്ന് 10-15 കൊല്ലങ്ങൾക്കുമുമ്പേ പറഞ്ഞു, കൂടാതെ ഇപ്പോഴും ഓരോ സ്ഥലത്ത് പോകുമ്പോഴും പറയുന്നു. കടലോരത്തിലെ പത്രം വായിക്കുന്ന സ്ത്രീകളും ഞങ്ങൾക്ക് പുലിമുട്ട് വേണമെന്ന് പറയുന്നു.

മി. സ്പീക്കർ: ഇതൊക്കെ എല്ലാവരും പറഞ്ഞ കാര്യങ്ങളാണ്.

ശ്രീ. സി.കെ. നാണു: ഇതൊരു സാധാരണ അടിയന്തരപ്രമേയമല്ല. ഭരണകൂടത്തിലുള്ളവർ വളരെ സീരിയസ്സായി ഉണർന്നുപ്രവർത്തിച്ചില്ലെങ്കിൽ കുറച്ചു ദിവസങ്ങൾക്കുള്ളിൽ കടലിലെ കുറെ മക്കൾ കടലിൽ മുങ്ങുന്ന ദയനീയാവസ്ഥയാണ് വരാൻ പോകുന്നത്. നിങ്ങളുടെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി.കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)